www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

2024 OCTOBER
05
SATURDAY

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഛത്തീസ്ഗഡിൽ വൻ ഏറ്റുമുട്ടൽ; 30 മാവോയിസ്റ്റുകളെ വധിച്ചു



**റായ്പുർ:** ഛത്തീസ്ഗഢിലെ നാരായൺപുർ , ദന്തേവാഡ അതിർത്തിയിൽ നടന്ന ഏറ്റുമുട്ടലിൽ 30 മാവോയിസ്റ്റുകളെ സുരക്ഷാ ഉദ്യോഗസ്ഥർ വധിച്ചു. മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടില്ല. സംഘർഷ സാധ്യത നിലനിൽക്കുന്നതിനാൽ പൊലീസും സിആർപിഎഫ് ഉദ്യോഗസ്ഥരും വനമേഖലയിൽ തുടരുകയാണ്.

ഉച്ചയ്ക്ക് ഒരു മണിയോടെയാണ് അഭുജ്മാദ് വനമേഖലയിൽ ഏറ്റുമുട്ടൽ ആരംഭിച്ചത്. ആന്റിനക്സൽ ഓപ്പറേഷന്റെ ഭാഗമായി സുരക്ഷാ ഉദ്യോഗസ്ഥരുടെ സംഘം വനമേഖലയിൽ പ്രവേശിക്കുകയായിരുന്നു. ഒരു മണിക്കൂറോളം വെടിവയ്പ്പ് തുടർന്നു.

ഇതിനു പിന്നാലെ നടത്തിയ തിരച്ചിലിലാണ് മൃതദേഹങ്ങൾ കണ്ടെടുത്തത്. മാവോയിസ്റ്റ് സംഘം ഉപയോഗിച്ചിരുന്ന ആയുധശേഖരവും കണ്ടെത്തി.

എകെ 47 റൈഫിളുകളും സെൽഫ് ലോഡിങ് റൈഫിളും ഇതിൽ ഉൾപ്പെടും. പ്രദേശത്ത് പരിശോധന തുടരുകയാണ്.

# നാലു ദിവസം, നേതാക്കളുൾപ്പെടെ ഹിസ്ബുല്ലയുടെ 250 അംഗങ്ങളെ വധിച്ചെന്ന് ഇസ്രയേൽ

**ടെൽഅവീവ്:** നാലു ദിവസത്തിനിടെ നേതാക്കളുൾപ്പെടെ 250 ഹിസ്ബുല്ല സായുധസേനാംഗങ്ങളെ വധിച്ചതായി ഇസ്രയേൽ സൈന്യം. അഞ്ച് ബറ്റാലിയൻ കമാൻഡർമാരെയും പത്ത് കമ്പനി കമാൻഡർമാരെയും ആറ് പ്ലാറ്റൂൺ കമാൻഡർമാരെയും വധിച്ചതായി സൈന്യം വ്യക്തമാക്കി. രണ്ടായിരത്തിലധികം സൈനിക കേന്ദ്രങ്ങളും തകർത്തു. ഹിസ്ബുല്ല നേതാവ് മുഹമ്മദ് റാഷിദ് സഖാഫിയെ കഴിഞ്ഞ ദിവസം വധിച്ചതായി ഇസ്രയേൽ സൈന്യം പറഞ്ഞു. ബെയ്റൂട്ടിൽ നടത്തിയ ആക്രമണത്തിലാണ് മുഹമ്മദ് റാഷിദ് സഖാഫിയെ വധിച്ചത്. 2000 മുതൽ ഹിസ്ബുല്ലയുടെ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ മേധാവിയാണ്. ഹിസ്ബുല്ല മേധാവി ഹസൻ നസ്റല്ലയെ ഇസ്രയേൽ കഴിഞ്ഞ മാസം അവസാനം കൊലപ്പെടുത്തിയിരുന്നു. തെക്കൻ ലബനനിലെ ബെയ്റൂട്ടിൽ നടത്തിയ ബോംബാക്രമണങ്ങളിലാണ് ഹസൻ നസ്റല്ല കൊല്ലപ്പെട്ടത്. 32 വർഷമായി ഹിസ്ബുല്ലയുടെ മേധാവിയായിരുന്നു ഹസൻ നസ്റല്ല. വെള്ളിയാഴ്ച രണ്ട് സൈനികർ കൊല്ലപ്പെട്ടതായി ഇസ്രയേൽ അധികൃതർ വ്യക്തമാക്കി.

# ദിസ്സനായകെയെ ഇന്ത്യയിലേക്ക് ക്ഷണിച്ച് ജയശങ്കർ

**കൊളംബോ:** ശ്രീലങ്കയുടെ പുതിയ പ്രസിഡന്റ് അനുര കുമാര ദിസ്സനായകെയുമായി കൂടിക്കാഴ്ച നടത്തി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ശ്രീലങ്കൻ പര്യടനത്തിനായി കൊളംബോയിലെത്തിയ വിദേശകാര്യ മന്ത്രി ഔദ്യോഗിക വസതിയിലെത്തിയാണ് ദിസ്സനായകയെ കണ്ടത്. പ്രധാനമന്ത്രി ഹരിനി അമരസൂര്യയുമായും ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി. ഭരണമാറ്റത്തിനു ശേഷം ആദ്യമായാണ് ഇന്ത്യൻ വിദേശകാര്യ ശ്രീലങ്കയിലെത്തുന്നത്.

ശ്രീലങ്കയുടെ പ്രസിഡൻറിനും പ്രധാനമന്ത്രിക്കും പുതിയ ഉത്തരവാദിത്തത്തിൽ ആശംസകൾ അറിയിച്ചതായി ജയ്ശങ്കർ എക്സിൽ അറിയിച്ചു. ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രീലങ്കൻ ഭരണ നേതൃത്വവുമായി ചർച്ച ചെയ്തെന്നും ഇരു രാജ്യങ്ങളും ഇക്കാര്യത്തിൽ സഹകരിച്ചു മുന്നോട്ടുപോകാൻ ധാരണയായതായും ജയ്ശങ്കർ പറഞ്ഞു.

ദിസ്സനായകെയെ ഇന്ത്യയിലേക്ക് ക്ഷണിച്ചതായും അദ്ദേഹം പറഞ്ഞു. ശ്രീലങ്കയ്ക്ക് മുൻഗണന നൽകുന്ന പദ്ധതികളിലൂടെ ഇന്ത്യ ശ്രീലങ്കയ്ക്ക് നൽകുന്ന വികസന സഹായം തുടരുമെന്ന് ജയശങ്കർ ഉറപ്പു നൽകിയതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

# എസ്സി വിഭാഗങ്ങളിലെ അതിപിന്നാക്കക്കാർക്ക് ഉപസംവരണമാകാം, വിധി പുനഃപരിശോധിക്കില്ലെന്ന് സുപ്രീംകോടതി

**ന്യൂഡൽഹി:** പട്ടികജാതി (എസ്സി) വിഭാഗങ്ങളിലെ അതിപിന്നാക്ക സമുദായക്കാർക്കു സംവരണത്തിന്റെ മെച്ചം കൂടുതൽ കിട്ടും വിധം ഉപസംവരണം ആകാമെന്ന വിധി പുനഃപരിശോധിക്കില്ലെന്ന് സുപ്രീംകോടതി. വിധിയിൽ അപാകതയില്ലെന്ന് ഏഴംഗ ബെഞ്ച് വ്യക്തമാക്കി. ഇതു സംബന്ധിച്ച 10 ഹർജികൾ കോടതി തള്ളി. ഓഗസ്റ്റ് ഒന്നിനാണ് സംവരണം സംബന്ധിച്ച സുപ്രധാന വിധി സുപ്രീംകോടതി പുറപ്പെടുവിച്ചത്. സുപ്രീംകോടതിയുടെ ഏഴംഗ ഭരണഘടനാ ബെഞ്ചാണ് ഭൂരിപക്ഷ വിധിയിലൂടെ ഉപസംവരണം ആകാമെന്ന് വ്യക്തമാക്കിയത്. ഉപവർഗീകരണം സാധ്യമല്ലെന്നും പട്ടികജാതി ലിസ്റ്റ് തയാറാക്കേണ്ടത് ഭരണഘടനയുടെ 341 ാം വകുപ്പുപ്രകാരം രാഷ്ട്രപതിയുടെ അധികാരമാണെന്നുമുള്ള 2004 ലെ വിധി (ഇ.വി.ചിന്നയ്യയും ആന്ധ്രപ്രദേശ് സർക്കാരും തമ്മിലുള്ള കേസ്) റദ്ദാക്കിക്കൊണ്ടായിരുന്നു സുപ്രധാന വിധി.

ഉപവിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് ശാസ്ത്രീയവും കൃത്യവുമായ ഡേറ്റയുടെ അടിസ്ഥാനത്തിൽ സാധൂകരിക്കാൻ സർക്കാരിനു കഴിയണമെന്നു ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. തീരുമാനം തോന്നുംപടിയോ രാഷ്ട്രീയ താൽപര്യങ്ങളാലോ ആകരുത്. ഒരു ഉപവിഭാഗത്തിനു മാത്രമായി മുഴുവൻ സംവരണവും അനുവദിക്കാൻ കഴിയില്ല. തീരുമാനം കോടതിയുടെ പരിശോധനയ്ക്കു വിധേയമായിരിക്കുമെന്നും വ്യക്തമാക്കി.

# ഓണം ബംബർ വിൽപ്പന 63 ലക്ഷത്തിലേക്ക്




**തിരുവനന്തപുരം:** നറുക്കെടുപ്പിന് കേവലം 4 നാൾ മാത്രം മുന്നിൽ നിൽക്കെ കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ തിരുവോണം ബംബർ വിൽപ്പന 63 ലക്ഷത്തിലേക്ക്.

ആകെ 70 ലക്ഷം ടിക്കറ്റുകളാണ് ഭാഗ്യക്കുറി വകുപ്പ് വിൽക്കാനായി നൽകിയിട്ടുള്ളത്. 7 ലക്ഷത്തോളം ടിക്കറ്റുകളാണ് ഇനി വിപണിയിലുള്ളത്. 4 ദിവസം കൂടി മാത്രം അവശേഷിക്കെ ഇതു മുഴുവൻ വിറ്റുപോകുമെന്നാണു പ്രതീക്ഷ.25 കോടി രൂപ ഒന്നാം സമ്മാനവും ഒരു കോടി രൂപ വീതം 20 പേർക്ക് നൽകുന്ന രണ്ടാം സമ്മാനവും 50 ലക്ഷം രൂപ മൂന്നാം സമ്മാനവും യഥാക്രമം 5 ലക്ഷവും 2 ലക്ഷവും നാലും അഞ്ചും സമ്മാനങ്ങളും 500 രൂപ അവസാന സമ്മാനവുമായാണ് തിരുവോണം ബംബർ വിപണിയിലുള്ളത്.

ജില്ലാ അടിസ്ഥാനത്തിൽ ഇക്കുറിയും പാലക്കാടാണ് വിൽപ്പനയിൽ മുന്നിൽ. സബ് ഓഫിസുകളിലേതുൾപ്പെടെ 11,76,990 ടിക്കറ്റുകൾ അവിടെ ഇതിനോടകം വിറ്റഴിക്കപ്പെട്ടു. 8,24,140 ടിക്കറ്റുകൾ വിറ്റഴിച്ച് തിരുവനന്തപുരവും 7,68,160 ടിക്കറ്റ് വിപണിയിലെത്തിച്ച് തൃശൂരും പിന്നാലെയുണ്ട്.തിരുവനന്തപുരം ജില്ലയിൽ ഇനി ഒരു ലക്ഷം ടിക്കറ്റിൽ താഴെയേ വിൽക്കാനുള്ളു. കൊല്ലം ജില്ലയിൽ അവശേഷിക്കുന്നത് 23,000 ടിക്കറ്റ് മാത്രം. പത്തനംതിട്ടയിൽ 12,000 ടിക്കറ്റുകളേ വിപണിയിലുള്ളു. കോട്ടയത്ത് 23,000 ടിക്കറ്റുകളും ആലപ്പുഴയിൽ 15,000 ടിക്കറ്റുകളുമാണ് അവശേഷിക്കുന്നത്.




എറണാകുളം വൈ.എം.സി.എ.യുടെയും വൈസ്മെൻ ഇന്റർനാഷണൽ മിഡ് വെസ്റ്റ് ഇന്ത്യ റീജിയൻ ഡിസ്ട്രിക്ട് രണ്ടും ചേർന്ന്സംഘടിപ്പിച്ച കുടുംബസംഗമവും ഓണാഘോഷവും റിട്ടയേർഡ്. കേരള ഹൈ കോടതി ജഡ്ജി ബി. കമാൽ പാഷ ഉദ്ഘാടനം ചെയ്യുന്നു

# വൈ.എം.സി.എ വൈസ്മെൻ കുടുംബസംഗമവും ഓണാഘോഷവും

**കൊച്ചി:** എറണാകുളം വൈ.എം.സി.എ.യും വൈസ്മെൻ ഇന്റർനാഷണൽ മിഡ് വെസ്റ്റ് ഇന്ത്യ റീജിയൻ ഡിസ്ട്രിക്ട് രണ്ടും ചേർന്ന് കുടുംബസംഗമവും ഓണാഘോഷവും സംഘടിപ്പിച്ചു. റിട്ടയേർഡ് കേരള ഹൈ കോടതി ജഡ്ജി ബി. കമാൽ പാഷ ഉദ്ഘാടനം ചെയ്തു. എറണാകുളം വൈ.എം.സി.എ പ്രസിഡന്റ് ഡോ. ടെറി തോമസ് എടത്തൊട്ടി അധ്യക്ഷത വഹിച്ചു. വൈസ് മെൻ ഇന്റർനാഷണൽ മിഡ് വെസ്റ്റ് ഇന്ത്യ റീജിയൻ ഡിസ്ട്രിക്ട് രണ്ടിന്റെ ഗവർണ്ണർ ഡാനിയേൽ. സി. ജോൺ വിശിഷ്ടാ അതിഥിയായിരുന്നു. ബെക്സെൻ. കെ.ആർ , ചെയർമാൻ പ്രോഗ്രാം കമ്മിറ്റി, ഇത്ത. ഷോൺ ജെഫ് ക്രിസ്റ്റഫർ, ഹോണറബിൾ ട്രഷറർ, മാത്യൂസ് എബ്രഹാം, ആൻറ്റോ ജോസഫ്, ജനറൽ സെക്രട്ടറി എന്നിവർ സംസാരിച്ചു. ആഘോഷത്തിന്റെ ഭാഗമായി നടന്ന കലാമത്സരങ്ങളിൽ വിജയികളായവർക്ക് മുഖ്യഅതിഥിയായ റിട്ടയേർഡ്. ജസ്റ്റിസ് ബി. കമാൽ പാഷ സമ്മാനങ്ങൾ വിതരണം ചെയ്തു.

# കുസാറ്റ് : വർക്ക്ഷോപ്പ് സൂപ്രണ്ട് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കുഞ്ഞാലി മരയ്ക്കാർ സ്കൂൾ മറൈൻ ഓഫ് എൻജിനീയറിംഗിൽ വർക്ക്ഷോപ്പ് സൂപ്രണ്ട് ഒഴിവിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കാൻ അപേക്ഷകൾ ക്ഷണിച്ചു. എം.ഇ.ഒ ക്ലാസ്സ് കക സർട്ടിഫിക്കറ്റ് യോഗ്യതയുള്ള മറൈൻ എൻജിനീയർമാർക്ക് അപേക്ഷിക്കാം. വർക്ക്ഷോപ്പ് പ്രവൃത്തിപരിചയം അഭികാമ്യം. താൽപര്യമുള്ളവർ www.recruit.cusat.ac.in മുഖേന ഒക്ടോബർ 26 നു മുമ്പ് ഓൺലൈനായി അപേക്ഷിക്കണം. അപ്‌ലോഡ് ചെയ്ത അപേക്ഷയുടെയും വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, കമ്മ്യൂണിറ്റി തുടങ്ങിയവ തെളിയിക്കുന്ന രേഖകളുടെയും പകർപ്പുകൾ, ഫീസ് രസീത് എന്നിവ 'ആപ്ലിക്കേഷൻ ഫോർ ദ പോസ്റ്റ് ഓഫ് വർക്ക്ഷോപ്പ് സൂപ്രണ്ട് ഇൻ കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എൻജിനീയറിംഗ് ഓൺ കോൺട്രാക്ട് ബെയ്സിസ്' എന്ന് രേഖപ്പെടുത്തിയ കവറിൽ രജിസ്ട്രാർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, കൊച്ചി682 022 എന്ന വിലാസത്തിൽ നവംബർ 2 നകം ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്, www.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# കുസാറ്റ് ഗവേഷകയ്ക്ക് മികച്ച ഓറൽ പ്രസൻറേഷൻ അവാർഡ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ നാഷണൽ സെൻറർ ഫോർ അക്വാട്ടിക്ക് ഹെൽത്തിലെ (എൻ.സി.എ.എച്ച്) ഗവേഷണ വിദ്യാർത്ഥിയായ സൗമ്യ ബാലകൃഷ്ണന് തുർക്കിയിലെ ഇസ്താൻബുൾ സർവകലാശാലയിൽ നടന്ന മൂന്നാം ഇൻറർനാഷണൽ അക്വാട്ടിക് ബയോടെക്നോളജി സിംപോസിയത്തിൽ മികച്ച ഓറൽ പ്രസൻറേഷൻ അവാർഡ് ലഭിച്ചു. സെപ്റ്റംബർ 25 മുതൽ 27 വരെ നടന്ന പരിപാടിയിൽ 'ചിപ്പിയിൽ നിന്നുള്ള സെൽ കൾച്ചറുകളെക്കുറിച്ചുള്ള പ്രസൻറേഷനാണ് അവതരിപ്പിച്ചതിനാണ് അവാർഡ് ലഭിച്ചത്.





# റഷ്യൻ സർവകലാശാലയിലെ അഡ്വാൻസ്ഡ് പ്രൊഫഷണൽ എജ്യുക്കേഷൻ പ്രോഗ്രാമിൽ കുസാറ്റ് അധ്യാപകരും

**കൊച്ചി:** റഷ്യയിലെ സെന്റ് പീറ്റേഴ്സ്ബർഗ് ഇലക്ട്രോടെക്നിക്കൽ സർവകലാശാലയിൽ നടന്ന 'അഡ്വാൻസ്ഡ് പ്രൊഫഷണൽ എജ്യുക്കേഷൻ പ്രോഗ്രാം ഇൻ ന്യൂ ജനറേഷൻ ഓഫ് ഇലക്ട്രോണിക് കോമ്പോണന്റ് ബേസ്' പരിപാടിയിൽ പങ്കെടുത്ത് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഏഴ് വിശിഷ്ട പ്രൊഫസർമാർ. അന്താരാഷ്ട്ര അക്കാദമിക ഗവേഷണ സഹകരണം വളർത്തുക എന്ന ലക്ഷ്യത്തോടെ സെപ്റ്റംബർ 23 മുതൽ ഒക്ടോബർ 4 വരെ നടന്ന പ്രോഗ്രാമിൻറെ ആദ്യ ആഴ്ച സെന്റ് പീറ്റേഴ്സ്ബർഗിലും രണ്ടാം ആഴ്ച ഒബ്നിൻസ്കിലും പൂർത്തിയായി. കുസാറ്റിനെ പ്രതിനിധീകരിച്ച് ഡോ. ഹരീഷ് രാമനാഥൻ, ഡോ. ആൽഡ്രിൻ ആന്റണി, ഡോ. സുപ്രിയ സുഭാഷ്, ഡോ. അഞ്ജു പ്രദീപ്, ഡോ. അബ്ദുല്ല പി, ഡോ. ദീപ്തി ദാസ് കൃഷ്ണ, ഡോ. സബീന എം എന്നിവർ പങ്കെടുത്തു. കുസാറ്റും സെന്റ് പീറ്റേഴ്സ്ബർഗ് ഇലക്ട്രോടെക്നിക്കൽ സർവകലാശാലയും സംയുക്തമായി ആരംഭിച്ച 'ന്യൂ ജനറേഷൻ ഓഫ് ഇലക്ട്രോണിക് കോമ്പോണന്റ് ബേസ്' എന്ന ഡ്യുവൽ ഡിഗ്രി പ്രോഗ്രാമിന്റെ ഭാഗമായാണ് ഈ പ്രോഗ്രാം സംഘടിപ്പിച്ചത്.

മൈക്രോവേവ് ഇലക്ട്രോണിക്സ് ഡിവൈസസ്, എക്സ്റേ ഡയഗ്നോസ്റ്റിക്സ് ആൻഡ് പ്രൊഡക്ഷൻ കൺട്രോൾ, മാഗ്നോണിക്സ് ആൻഡ് റേഡിയോഫോട്ടോണിക്സ് ഡിവൈസസ്, സെമികണ്ടക്ടർ മെറ്റീരിയൽസ്, നാനോ ഹെറ്ററോസ്ട്രക്ചേർസ്, ന്യൂക്ലിയർ പവർ എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകൾ ഉൾക്കൊള്ളുന്ന സർവകലാശാലയുടെ അത്യാധുനിക ലബോറട്ടറികളിൽ പ്രൊഫസർമാർക്ക് പ്രത്യേക പരിശീലനം നൽകി. ഫാക്കൽറ്റികൾക്ക് അത്യാധുനിക സാങ്കേതികവിദ്യകളിലെ നൂതന അറിവ് സജ്ജമാക്കാനും സഹകരണ പഠനത്തിലൂടെയും ഗവേഷണത്തിലൂടെയും രണ്ട് സ്ഥാപനങ്ങൾക്കും വളർച്ചയുണ്ടാകാനും ഈ പ്രോഗ്രാം സഹായിച്ചു. കുസാറ്റും സെന്റ് പീറ്റേഴ്സ്ബർഗ് ഇലക്ട്രോടെക്നിക്കൽ സർവകലാശാലയും തമ്മിലുള്ള ദീർഘകാല അക്കാദമിക ഗവേഷണ സഹകരണങ്ങൾ ചർച്ച ചെയ്ത ഈ സംഘത്തെ നയിച്ചത് കുസാറ്റിലെ ഇന്റർനാഷണൽ റിലേഷൻസ് ഡയറക്ടർ ഡോ.ഹരീഷ് രാമനാഥൻ ആണ്.

# ആയിരവില്ലിപ്പാറ ടൂറിസം പദ്ധതിയിലേക്ക്; ടൂറിസം അധികൃതർ സ്ഥലം സന്ദർശിച്ചു

**ഓയൂർ :** ഇളമാട് പഞ്ചായത്തിലെ ചെറിയവെളിനല്ലൂർ ശ്രീ ആയിരവില്ലിപാറയെ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ ഫലം കാണുന്നു. ടൂറിസം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചു. ചെറിയവെളിനല്ലൂർ പരിസ്ഥിതി സംരക്ഷണ സമിതിയുടെ ഭാരവാഹികൾ മുഖ്യമന്ത്രിക്കും ടൂറിസം മന്ത്രിക്കും സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നിർദേശ പ്രകാരം കൊല്ലം ടൂറിസം വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ എസ്. പ്രമീള, അസിസ്റ്റന്റ് ടൂറിസം ഇൻഫർമേഷൻ ഓഫീസർ ടി.ആർ.റെജി എന്നിവർ സ്ഥലം സന്ദർശിച്ചത്.



സമുദ്രനിരപ്പിൽ നിന്ന് ആയിരം അടി ഉയരത്തിൽ 62 ഏക്കർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന ഒറ്റ പാറയാണ് ആയിരവില്ലി . കിഴക്ക് ഭാഗത്ത് ആറ് ഏക്കറോളം ചെറു വനമാണ്. മുകൾ ഭാഗം ഹെലികോപ്റ്റർ ഇറങ്ങാൻ കഴിയുന്ന തരത്തിൽ നിരന്ന പ്രദേശമാണ്. വലിയ ടൂറിസം വികസന സാധ്യതകളാണ് ഇവിടെയുള്ളത്. ഇക്കോ ടൂറിസത്തിനും അഡ്വഞ്ചർ ടൂറിസത്തിനും തീർഥാടന ടൂറിസത്തിനും അനുയോജ്യമായ പ്രദേശമാണ് . ആയിരവില്ലി പാറയിൽ ടൂറിസം വികസനത്തിന് അനന്തസാധ്യതകളാണുള്ളതെന്നും ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുമെന്നും ടൂറിസം വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ പറഞ്ഞു. ടൂറിസം വകുപ്പ് സംഘാംഗങ്ങളോടൊപ്പം പരിസ്ഥിതി സംരക്ഷണ സമിതി രക്ഷാധികാരി പി.ജെ. ചാക്കോ, സെക്രട്ടറി ആർ.ശിവശങ്കരപിള്ള, ട്രഷറർ ആർ. മധു, ജോ: സെക്രട്ടറി എ. ബദറുദ്ദീൻ എന്നിവർ പങ്കെടുത്തു.



# കൊല്ലം വഴി കൊച്ചുവേളിയിലേക്കു പ്രതിവാര സ്പെഷൽ ട്രെയിൻ 11 മുതൽ

**കൊല്ലം:** പൂജ ദീപാവലി അവധി കണക്കിലെടുത്തു താംബരത്തു നിന്ന് പുനലൂർ കൊല്ലം വഴി കൊച്ചുവേളിയിലേക്കു പ്രതിവാര എസി സ്പെഷൽ ട്രെയിൻ സർവീസ് അനുവദിച്ചതായി കൊടിക്കുന്നിൽ സുരേഷ് എംപി അറിയിച്ചു. ഈ മാസം 11ന് ഇതു സർവീസ് ആരംഭിക്കുമെന്നു ദക്ഷിണ റെയിൽവേ ആസ്ഥാനത്തു നിന്ന് അറിയിച്ചിട്ടുണ്ട്. ഈ സീസണിൽ അങ്ങോട്ടും ഇങ്ങോട്ടും 12 സർവീസുകൾ വീതമാണ് ഉണ്ടാകുക.

വെള്ളിയാഴ്ചകളിൽ വൈകിട്ട് 7.30നു താംബരത്തു നിന്നു പുറപ്പെടുന്ന ട്രെയിൻ ശനിയാഴ്ച രാവിലെ 11.30നു കൊച്ചുവേളിയിൽ എത്തും. ഞായറാഴ്ച വൈകിട്ട് 3.25നു കൊച്ചുവേളിയിൽ നിന്നു യാത്ര തിരിച്ചു തിങ്കൾ രാവിലെ 7.35നു താംബരത്തെത്തും. തെന്മല, പുനലൂർ, ആവണീശ്വരം, കൊട്ടാരക്കര, കുണ്ടറ, കൊല്ലം സ്റ്റേഷനുകളിൽ സ്റ്റോപ്പുകൾ ഉണ്ടാകുമെന്നും എംപി അറിയിച്ചു.

## ഹിന്ദി ഡിപ്ലോമ സീറ്റൊഴിവ്

**പത്തനംതിട്ട:** ഹിന്ദി അധ്യാപക ട്രെയിനിങ് യോഗ്യതയായ രണ്ടു വർഷത്തെ റെഗുലർ ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സിന്റെ 202426 ബാച്ചിൽ ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. 50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയിലുള്ള പ്ലസ് ടു, ഹിന്ദി പ്രചാരസഭകളുടെ അംഗീകൃത ഹിന്ദി കോഴ്സുകൾ, ഡിഗ്രി, പി.ജി എന്നീ യോഗ്യതകളുള്ളവർക്ക് അപേക്ഷിക്കാം. 17നും 35നും ഇടയ്ക്ക് പ്രായമുള്ളവരായിരിക്കണം. അപേക്ഷകൾ ഒക്ടോബർ 10ന് വൈകീട്ട് അഞ്ചിനു മുമ്പായി പ്രിൻസിപ്പൽ, ഭാരത് ഹിന്ദി പ്രചാരകേന്ദ്രം, അടൂർ, പത്തനംതിട്ട ജില്ല എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8547126028, 04734 296496.

## പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ്: സ്പെഷ്യൽ അലോട്ട്മെന്റ് 10ന്

**തിരുവനന്തപുരം:** സംസ്ഥാനത്തെ സർക്കാർ/ സ്വാശ്രയ കോളേജുകളിലേക്ക് 202425 വർഷത്തെ പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ് ഡിഗ്രി കോഴ്സിലേക്കുള്ള പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് ഒക്ടോബർ 10ന് സ്പെഷ്യൽ അലോട്ട്മെന്റ് നടത്തും. www.lbscetnre.kerala.gov.in ൽ ഓൺലൈനായി ഒക്ടോബർ 7 മുതൽ 9 വരെ ഓപ്ഷനുകൾ സമർപ്പിക്കണം. പുതുതായി ഉൾപ്പെടുത്തിയ കോളേജിലേക്കും ഓപ്ഷനുകൾ സമർപ്പിക്കാം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ സ്പെഷ്യൽ അലോട്ട്മെന്റിന് പരിഗണിക്കില്ല. മുൻ അലോട്ട്മെന്റുകൾ വഴി സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയവർ എൻ.ഒ.സി ഹാജരാക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 04712560363, 364.

## ഫിസിയോതെറാപ്പിസ്റ്റ് ഒഴിവ്

**കൊല്ലം:** സർക്കാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റിയിലേക്ക് താത്കാലികാടിസ്ഥാനത്തിൽ ഫിസിയോതെറാപ്പിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിക്കാം. അംഗീകൃത സർവകലാശാലയിൽനിന്നും ഫിസിയോതെറാപ്പിയിലുള്ള ബിരുദമാണ് യോഗ്യത. സംസ്ഥാന സർക്കാർ അംഗീകൃത സ്ഥാപനത്തിലെ ഫിസിയോതെറാപ്പി ഡിപ്ലോമയും പരിഗണിക്കും. മൂന്നു വർഷത്തെ പ്രവൃത്തിപരിചയം അഭിലഷണീയം. പ്രായപരിധി 1841 വയസ്. വേതനം 17,000 രൂപ. താത്പര്യമുള്ളവർ തപാൽ മുഖേനയോ ഓഫീസിൽ നേരിട്ട് ഹാജരായോ ഒക്ടോബർ 15ന് വൈകിട്ട് അഞ്ചിനകം അപേക്ഷകൾ സമർപ്പിക്കണം. അഭിമുഖ തീയതി www.gmckollam.edu.in ൽ പ്രസിദ്ധീകരിക്കും. അഭിമുഖത്തിന് ഹാജരാകുമ്പോൾ വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, വയസ് എന്നിവ തെളിയിക്കുന്ന അസൽ രേഖകളും പകർപ്പുകളും ഹാജരാക്കണം.

## പരീക്ഷ ഒക്ടോബർ 20ന്

**തിരുവനന്തപുരം:** സംസ്ഥാന സഹകരണ യൂണിയനിൽ ഒഴിവുള്ള സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടർ ഗ്രേഡ് കകക, എൽ.ഡി ക്ലർക്ക് തസ്തികകളിലേക്ക് താൽക്കാലിക നിയമനത്തിനായുള്ള എഴുത്തു പരീക്ഷ 2024 ഒക്ടോബർ 20ന് ഞായറാഴ്ച രാവിലെ 10 മുതൽ 12 വരെ തിരുവനന്തപുരത്ത് കുറവൻകോണത്തുള്ള സഹകരണ പരിശീലന കോളേജ്/ കേന്ദ്രത്തിൽ വച്ച് നടത്തുന്നു.

# അർഹരായ മുഴുവൻ പേർക്കും ഭൂമി നൽകുക സർക്കാർ ലക്ഷ്യം: മന്ത്രി കെ രാജൻ

**തിരുവനന്തപുരം:** സ്വന്തമായി ഭൂമിക്ക് അർഹരായ മുഴുവൻ പേർക്കും ഭൂമി നൽകുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രി കെ.രാജൻ പറഞ്ഞു. തിരുവനന്തപുരം ജില്ലാതല പട്ടയമേള നെയ്യാറ്റിൻകര എസ്. എൻ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മൂന്നുവർഷത്തിനുള്ളിൽ കേരളത്തിൽ 1,80,887 പട്ടയങ്ങൾ നൽകാനായി. വളരെ കുറഞ്ഞ കാലയളവിനുള്ളിൽ രണ്ട് ലക്ഷത്തോളം പട്ടയങ്ങൾ നൽകുന്ന സർക്കാർ എന്ന നേട്ടം സ്വന്തമാക്കാനായത് അഭിമാനാർഹമാണെന്ന് അദ്ദേഹം പറഞ്ഞു.

നാല് പട്ടയ മേളകളിലൂടെ ജില്ലയിൽ ഇതുവരെ 4,430 പട്ടയങ്ങളാണ് നൽകിയത്. സമ്പൂർണ്ണമായി സാമൂഹ്യ വനാവകാശ രേഖ നൽകുന്ന ജില്ലയായി തിരുവനന്തപുരം മാറിയെന്നും ജില്ലയിൽ 550 പേർക്ക് കടൽപുറമ്പോക്ക് പട്ടയങ്ങൾ കാലതാമസമില്ലാതെ വിതരണം ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

ഒരാൾക്ക് തന്റെ ഭൂമിയിൽ അവകാശം നേടുക എന്നത് ചെറിയ കാര്യമല്ല. അവകാശപ്പെട്ടവർക്ക് പട്ടയങ്ങൾ ലഭ്യമാക്കുന്ന ജനകീയ മുന്നേറ്റത്തിനാണ് കേരളം സാക്ഷ്യം വഹിക്കുന്നതെന്നും റവന്യൂ വകുപ്പ് മന്ത്രി കൂട്ടിച്ചേർത്തു.

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായി റവന്യൂ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന ആശയത്തിലൂന്നിക്കൊണ്ട് 332 പട്ടയങ്ങളാണ് ജില്ലയിൽ വിതരണം ചെയ്തത്. 44 എൽ.എ പട്ടയങ്ങളും 124 കോളനി പട്ടയങ്ങളും, 11 എൽ.റ്റി പട്ടയങ്ങളും 21 റ്റി.ആർ.ആർ ഉം നാല് കൈവശരേഖയും ആദിവാസി വിഭാഗങ്ങൾക്ക് 125 വനാവകാശ രേഖയും മൂന്ന് സാമൂഹ്യ വനാവകാശരേഖയുമാണ് പട്ടയമേളയിൽ നൽകിയത്.

വകുപ്പിനൊപ്പം ജനങ്ങളെ ചേർത്തു നിർത്തുന്ന പ്രവർത്തനങ്ങളാണ് റവന്യൂ വകുപ്പ് നടത്തുന്നതെന്നും, വകുപ്പിന്റെ ജനപക്ഷ നിലപാടുകൾക്ക് കൂടുതൽ പിന്തുണ നൽകാൻ കഴിയണമെന്നും പട്ടയ മേളയിൽ മുഖ്യാതിഥി ആയിരുന്ന ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ പറഞ്ഞു.

കെ ആൻസലൻ എം. എൽ. എ ചടങ്ങിൽ അധ്യക്ഷനായിരുന്നു. എം. എൽ. എ മരായ സി. കെ ഹരീന്ദ്രൻ, ജി. സ്റ്റീഫൻ, ഐ. ബി സതീഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ്കുമാർ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി ചെയർപേഴ്സൺ പി. കെ രാജമോഹനൻ, ജില്ലാ കളക്ടർ അനുകുമാരി, അഡിഷണൽ ജില്ലാ മജിസ്ട്രേറ്റ് ടി. കെ വിനീത് എന്നിവരും പങ്കെടുത്തു.

# സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി ആദ്യ വാരം തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** സംസ്ഥാന സ്കൂൾ കലോത്സവം 2025 ജനുവരി ആദ്യ വാരം തിരുവനന്തപുരത്ത് നടത്തുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു. നേരത്തെ ഡിസംബർ മൂന്നു മുതൽ ഏഴു വരെ നടത്താനായിരുന്നു തീരുമാനിച്ചിരുന്നത്. നാഷണൽ അച്ചീവ്മെന്റ് എക്സാം ഡിസംബർ നാലിന് നടക്കുന്ന സാഹചര്യത്തിലാണ് തീയതി മാറ്റിയത്. ഇതനുസരിച്ച് സ്കൂൾ, ഉപജില്ല, ജില്ലാതല മത്സരങ്ങളും മാറ്റും. സ്കൂൾതല മത്സരങ്ങൾ ഒക്ടോബർ 15നകവും ഉപജില്ലാതല മത്സരങ്ങൾ നവംബർ 10നകവും ജില്ലാതല മത്സരങ്ങൾ ഡിസംബർ 3നകവും പൂർത്തിയാക്കും.

സ്കൂൾ ക്യാമ്പസുകൾ മാലിന്യ മുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിനായി പ്രോട്ടോകോൾ തയ്യാറാക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. നവംബർ ഒന്നോടെ 50 ശതമാനം സ്കൂളുകളെയും ഡിസംബർ 31ഓടെ നൂറു ശതമാനം സ്കൂളുകളെയും ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിക്കും. മുഖ്യമന്ത്രിയുടെ ലഹരി വിരുദ്ധ സന്ദേശം നവംബർ 1ന് കുട്ടികളിലൂടെ വീടുകളിലെത്തിക്കും. ലഹരിമുക്ത ക്യാമ്പസാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു. 100 ദിന കർമപരിപാടിയുടെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിൽ 33ഉം തൊഴിൽ വകുപ്പിൽ 8 ഉം പ്രധാന പദ്ധതികൾ നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

# കേരള സർവകലാശാലയിൽ 58 കോടിയുടെ വികസന പ്രവർത്തനങ്ങൾ ഉടൻ നടപ്പാക്കും

**തിരുവനന്തപുരം:** വിജ്ഞാനാധിഷ്ഠിത സമൂഹം രൂപപ്പെടുത്താൻ സർവകലാശാലകളിലും കോളേജുകളിലും നടത്തിവരുന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കേരള സർവകലാശാലയിൽ 58 കോടിരൂപയുടെ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്ന് മന്ത്രി ആർ ബിന്ദു. കേരള സർവകലാശാലയിൽ ഇതിനോടകം ആരംഭിച്ച കേന്ദ്രീകൃത ലാബ് രാജ്യത്തെ തന്നെ ഏറ്റവും മികച്ചതാണെന്നും മന്ത്രി പറഞ്ഞു. സർക്കാരിന്റെ നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ പ്രവർത്തനമാരംഭിച്ച കമ്പ്യൂട്ടർ ആർട്ടി ഫാക്റ്റ്സ് മ്യൂസിയത്തിന്റേയും ഗ്യാലറിയുടേയും സ്വയം പ്രേരിത കാലാവസ്ഥാ നിരീക്ഷണ സംവിധാനത്തിന്റേയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

35 കോടി രൂപ ചെലവിൽ മഹാത്മാഗാന്ധി സർവകലാശാലയിലും കേന്ദ്രീകൃത ലാബ് സജ്ജമാക്കിയിട്ടുണ്ട്. വിജ്ഞാനാധിഷ്ഠിത സമൂഹം വാർത്തെടുക്കാനുതകുന്ന തരത്തിലാണ് അത്യാധുനിക നിലവാരത്തിൽ ലാബുകളുടെ നിർമ്മാണവും ലൈബ്രറികളുടെ ആധുനികവൽക്കരണവും അടിസ്ഥാനസൗകര്യ വികസനവും നടപ്പിലാക്കുന്നത്. ഈ ലക്ഷ്യം മുൻനിർത്തി കരിക്കുലവും പരിഷ്കരിച്ചുവരികയാണ്. വിദ്യാർഥികളിൽ ശാസ്ത്രീയ വീക്ഷണവും യുക്തിബോധവും വളർത്തിയെടുക്കുന്നതിൽ സർക്കാർ പ്രഥമ പരിഗണന നൽകുന്നുണ്ട്. വിദ്യാർഥി സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സർക്കാരിന്റേതെന്നും ഇതിലൂടെ വിദ്യാർഥികൾ തൊഴിൽ ദാതാക്കളായി മാറ്റപ്പെടുകയാണെന്നും മന്ത്രി പറഞ്ഞു.

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ഭാഗമായ ഇന്നവേഷൻ ഹബ് കൂടുതൽ വിദ്യാർഥികൾക്ക് ഉപയുക്തമാക്കുന്നതിനായി ഗവ. ആർട്സ് കോളേജും ഗവ. വിമൻസ് കോളേജുമായി ഒപ്പിട്ട ധാരണാപത്രം ചടങ്ങിൽ മന്ത്രി കൈമാറി. നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ സഹായത്തോടെയാണ് സ്വയം പ്രേരിത കാലാവസ്ഥാ നിരീക്ഷണ സംവിധാനം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

## മേട്രൺ കം റസിഡന്റ് ട്യൂട്ടർമാരെ നിയമിക്കുന്നു

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മലയാറ്റൂർ, ഏഴിക്കര പ്രീമെട്രിക് ബോയ്സ് ഹോസ്റ്റലുകളിലും പെരുമ്പാവൂർ, പറവൂർ പ്രീമെട്രിക് ഗേൾസ് ഹോസ്റ്റലുകളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് മേട്രൺ കം റസിഡന്റ് ട്യൂട്ടർമാരെ കരാറടിസ്ഥാനത്തിൽ (2025 മാർച്ച് വരെ) നിയമിക്കുന്നതിന് ബിരുദവും ബി.എഡ്. ഉം ഉള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. വൈകുന്നേരം നാല് മുതൽ രാവിലെ എട്ട് വരെയാണ് പ്രവൃത്തി സമയം. 12,000/ രൂപയാണ് പ്രതിമാസ ഹോണറേറിയം. നിയമനം താൽക്കാലികവും സ്ഥിര നിയമനത്തിന് അർഹതയില്ലാത്ത തുമാണ്. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 2024 ഒക്ടോബർ 17ന് രാവിലെ 10.30 മുതൽ 12.30 വരെ എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നേരിട്ടുള്ള കൂടിക്കാഴ്ചയ്ക്ക് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ : 0484 2422256.


## വയനാട് മെഡിക്കൽ കോളേജിൽ ഒഴിവുകൾ

**ബത്തേരി:** വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി ട്യൂട്ടർ/ ഡെമോൺസ്ട്രേറ്റർ, ജൂനിയർ റസിഡന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ പ്രതിമാസം 45000 രൂപ ഏകീകൃത ശമ്പളത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനം നടത്തും. എം.ബി.ബി.എസ് യോഗ്യതയും, ടിസിഎംസി/ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. താൽപര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ മാർക്ക് ലിസ്റ്റ്, പ്രവൃത്തിപരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ് തെളിയിക്കുന്ന അസൽ രേഖകൾ സഹിതം 8ന് രാവിലെ 11 ന് കോളേജ് പ്രിൻസിപ്പലിന്റെ ഓഫീസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

## സ്റ്റാഫ് നഴ്സ് അഭിമുഖം 11ന്

**തിരുവനന്തപുരം:** പെരുങ്കടവിള സാമൂഹികാരോഗ്യകേന്ദ്രത്തിൽ സ്റ്റാഫ് നഴ്സിന്റെ താത്കാലിക ഒഴിവിലേക്ക് അഭിമുഖം നടത്തുന്നു. ഒക്ടോബർ 11 രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ വച്ചാണ് അഭിമുഖം നടത്തുന്നത്.ജനറൽ നഴ്സിങ് അല്ലെങ്കിൽ ബി.എസ്.സി നഴ്സിങ് ആണ് യോഗ്യത. കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രേഷനും ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം.താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും അസൽരേഖകളുമായി അന്നേദിവസം രാവിലെ 10.30ന് പെരുങ്കടവിള സാമൂഹികാരോഗ്യകേന്ദ്രത്തിൽ എത്തിച്ചേരണമെന്ന് മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471 2276169

# ജി.എസ്.എസ്. ഗുരുസ്മൃതി പുരസ്കാരം കെ. ജി. ബാബുരാജന്



**വർക്കല:** ബഹ്റൈനിൽ 25 വർഷമായി പ്രവർത്തിക്കുന്ന ഗുരുദേവ സോഷ്യൽ സൊസൈറ്റി ഏർപ്പെടുത്തിയ നാലാമത് ഗുരുസ്മൃതി പുരസ്കാരം കെ.ജി. ബാബുരാജന്. ബഹ്റൈനിലെ പ്രമുഖ വ്യവസായിയും, പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാര ജേതാവും, ഭാരതത്തിനകത്തും പുറത്തുമുള്ള ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുന്ന ബാബുരാജൻ ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവ സാന്നിദ്ധ്യമാണ്.

സാമൂഹിക നീതി നിഷേധിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ അവകാശ സംരക്ഷണത്തിനും സമത്വത്തിലധിഷ്ഠിതമായ സാമൂഹിക വ്യവസ്ഥിതിക്കും വിദ്യാഭ്യാസപരമായ ഉന്നമനത്തിനും പ്രവർത്തിക്കുന്ന സംഘടനകളെയും വ്യക്തികളെയും ആദരിക്കുന്നതിനായി ജി. എസ്സ്. എസ്സ് 2002 ൽ ഏർപ്പെടുത്തിയതാണ് ഗുരുസ്മൃതി പുരസ്കാരം.

സാമൂഹിക സാംസ്കാരിക ആത്മിയ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിലൂടെ, കേരളീയ സമൂഹത്തിനൊപ്പം പ്രവാസി സമൂഹത്തിനും നിസ്തുല സംഭാവനകളാണ് കെ.ജി ബാബുരാജ് നല്കുന്നതെന്നത് പുരസ്കാര നിർണയ സമിതി വിലയിരുത്തി.

മങ്ങാട് ബാലചന്ദ്രൻ (കേരള സാഹിത്യ അക്കാദമി അംഗം) ഋതംഭരാനന്ദ സ്വാമി (ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ബോർഡ് അംഗം) സനീഷ് കൂറുമുള്ളിൽ (ചെയർമാൻ ജി. എസ്സ്. എസ്സ്) എന്നിവർ ഉൾപ്പെട്ടതാണ്. ഗുരുസ്മൃതി പുരസ്കാര നിർണ്ണയ സമിതി. 11ന് ബഹ്റൈൻ കേരളീയ സമാജത്തിൽ വച്ച് നടത്തപ്പെടുന്ന ഗുരുദേവസോഷ്യൽ സൊസൈറ്റിയുടെ രജതജൂബിലി ആഘോഷ പരിപാടിയായ ജി. എസ്.എസ് മഹോത്സവം 2024ൻറെ വേദിയിൽ വച്ച് ഫലകവും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരം നല്കുമെന്ന് ജി.എസ്.എസ് ഭരണ സമിതി അറിയിച്ചു.

# ശുചീകരണ പ്രവർത്തനം നടത്തി



**ആലുവ:** ഗാന്ധി ജയന്തിയോടനുബന്ധിച്ച് റൂറൽ ജില്ലാതല ഉദ്ഘാടനം ആലുവ പോലീസ് കൺട്രോൾ റൂമിൽ ജില്ലാ പോലീസ് മേധാവി ഡോ. വൈഭവ് സക്സേന നിർവഹിച്ചു. കെ.പി.ഒ.എജില്ലാ സെക്രട്ടറി എം വി സനിൽ ,കൺട്രോൾ റൂം എസ് ഐ കെ എൻ ബിനു , അബ്ദുൾ റഷീദ് , എം.കെ മുഹമ്മദ്, അബു നൗഫൽ എന്നിവർ നേതൃത്വം നല്കി.



വയോധികരെ ആദരിച്ചപ്പോൾ കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിൽ വാർഡ് 15 ലെ വയോധികരെ വാർഡ് മെമ്പർ ഷിബ ടീച്ചർ ആദരിച്ചപ്പോൾ

# വയോജനങ്ങളെ ആദരിച്ചു

**പഴങ്ങനാട്:** സെന്റ് അഗസ്റ്റിൻ ഇടവകയിലെ സെന്റ് അഗസ്റ്റിൻസ് ഫാമിലി യൂണിറ്റിന്റെ നേതൃത്വത്തിൽ 70 വയസ്സ് കഴിഞ്ഞ മുതിർന്ന അംഗങ്ങളെ ആദരിച്ചു. വികാരി റവ. ഡോ. പോൾ കൈപ്രമ്പാടാൻ വയോജനങ്ങൾക്ക് ആശംസകൾ അർപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീ അഗസ്റ്റിൻ റാഫേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് ചെയർമാൻ ശ്രീ സജി പോൾ, സിസ്റ്റർ ലിറ്റിൽ ട്രീസ ട ഉ, ജോർജ് എം ജോസഫ്, ബെന്നി പോൾ , സീന ബിജു, നിയാ പോൾ തുടങ്ങിയവർ പ്രസംഗിച്ചു.





കിഴക്കമ്പലം. ട്വന്റി 20 കിഴക്കമ്പലത്ത് സംഘടിപ്പിച്ച ഏകദിന പഠന ശിബിരം പാർട്ടി പ്രസി ഡന്റ് സാബു എം ജേക്കബ് ഉദ്ഘടനം നിർവ്വഹിക്കുന്നു. ട്വന്റി 20 ഉപാധ്യക്ഷൻ വി ഗോപകുമാർ സംസ്ഥ എക്സിക്യൂട്ടിവ് ബോർഡ് അഗം അഡ്വ ചാർളി പോൾ എന്നിവർ ക്ലാസെടുത്തു

# പഴയ മൂന്നാറിൽ 1.15 കോടി രൂപയുടെ ആട്ടുപാലം നിർമിക്കാൻ അനുമതി



**മൂന്നാർ:** ആറു വർഷത്തെ നാട്ടുകാരുടെ കാത്തിരിപ്പിനൊടുവിൽ പഴയ മൂന്നാറിൽ 1.15 കോടി രൂപ ചെലവിൽ പുതിയ ആട്ടുപാലം നിർമിക്കാൻ സംസ്ഥാന ധനകാര്യ വകുപ്പ് പ്രത്യേക അനുമതി നൽകി. എ.രാജാ എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ചാണ് ആധുനിക രീതിയിലുള്ള തൂക്കുപാലം നിർമിക്കുന്നത്. എന്നാൽ ഒരു കോടി രൂപയ്ക്കു മുകളിലുള്ള പദ്ധതിയായതിനാൽ ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി വേണ്ടിയിരുന്നു. എംഎൽഎയുടെ പ്രത്യേക ആവശ്യപ്രകാരമാണ് ധനകാര്യ വകുപ്പ് അനുമതി നൽകി ഉത്തരവിട്ടത്.

2018 ഓഗസ്റ്റ് 16ലെ പ്രളയത്തിലാണ് പഴയ മൂന്നാറുകാരുടെ ഏക ആശ്രയമായിരുന്ന ആട്ടുപാലം തകർന്നത്. 1941ൽ ബ്രിട്ടിഷുകാർ നിർമിച്ച് മാർഗരറ്റ് പാലമെന്നു പേരിട്ട പാലമാണിത്.ചൊക്കനാട്, പഴയ മൂന്നാർ, ഹൈറേഞ്ച് ക്ലബ് എന്നീ ഭാഗങ്ങളിൽ നിന്നുള്ള തൊഴിലാളികൾ വിവിധ ആവശ്യങ്ങൾക്കായി മൂന്നാറിലേക്ക് ഇതു വഴിയായിരുന്നു യാത്ര ചെയ്തിരുന്നത്. പാലം തകർന്നതോടെ ഓട്ടോയിൽ 5 കിലോമീറ്റർ ചുറ്റി സഞ്ചരിച്ചാണ് നിലവിൽ ആളുകൾ യാത്ര ചെയ്യുന്നത്. നാട്ടുകാരുടെ പരാതികളെ തുടർന്നാണ് 3 വർഷം മുൻപ് എംഎൽഎയുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽ നിന്നു തുക അനുവദിച്ചത്.

# മെതിപാറ ലിഫ്റ്റ് ഇറിഗേഷൻ: വൈദ്യുതി പുനഃസ്ഥാപിച്ചില്ല



**പിറവം:** മെതിപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ വൈദ്യുതി പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ചു വകുപ്പുകൾ തമ്മിൽ തർക്കം തുടരുന്നതോടെ കർഷകരുടെ ദുരിതം തുടരുന്നു. 2ാം വിള നെൽക്കൃഷിക്കുള്ള സമയം അതിക്രമിച്ചിട്ടും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലൂടെ പമ്പിങ് ആരംഭിക്കാത്തതിനാൽ രാമമംഗലത്തും പാമ്പാക്കുടയിലുമായി ഹെക്ടറുകളോളം പാടശേഖരത്തിൽ ഉഴവു പോലും ആരംഭിച്ചിട്ടില്ല.ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സജീവമായി കൃഷി തുടരുന്ന പഞ്ചായത്താണു രാമമംഗലം. പ്രധാനപ്പെട്ട പാടശേഖരങ്ങളായ വരണ്ടകൻപാടം, ഇളയപ്പാടം തുടങ്ങിയവ എല്ലാം ജലക്ഷാമത്തിന്റെ പിടിയിലാണ്.

ഇതേ നില തുടർന്നാൽ ഇക്കുറി നെൽക്കൃഷി മുടങ്ങുമെന്നാണ് ആശങ്ക. പാടത്തു നടുന്നതിനു കരഭൂമിയിൽ മുളപ്പിച്ച ഞാറുകളും മൂപ്പെത്തി സമയം അതിക്രമിച്ചു കഴിഞ്ഞു. രാമമംഗലം, പാമ്പാക്കുട പഞ്ചായത്തുകളിലേക്കാണു മെതിപാറ പദ്ധതിയിൽ നിന്നു വെള്ളം എത്തുന്നത്. പദ്ധതിയുടെ വൈദ്യുതി കുടിശിക 1.30 കോടി കവിഞ്ഞതോടെയാണു കണക്ഷൻ വിഛേദിച്ചത്. പാടശേഖര സമിതികളുടെ നേതൃത്വത്തിൽ മന്ത്രി റോഷി അഗസ്റ്റിൻ പ്രശ്നം ഉന്നയിച്ചിരുന്നു. അനൂപ് ജേക്കബ് എംഎൽ എയുടെ നേതൃത്വത്തിൽ മന്ത്രി കെ.കൃഷ്ണൻകുട്ടിയുമായും കൂടിക്കാഴ്ച നടത്തി. ഉറപ്പുകൾ നൽകുന്നതല്ലാതെ നടപടി ഉണ്ടാകുന്നില്ലെന്നാണു കർഷകരുടെ അനുഭവം.

# വിദേശ പഴങ്ങൾക്ക് ഇവിടെ സുവർണകാലം, ആദായമുണ്ടാക്കാൻ പഴവർഗങ്ങൾ

വിദേശ ഇനം പഴവർഗങ്ങളുടെ കൃഷിക്കും വിപണനത്തിനും അനന്ത സാധ്യതകളാണു കേരളത്തിലുള്ളത്. അതു മുന്നിൽക്കണ്ടു നിരവധി കർഷകർ പരമ്പരാഗത കൃഷികളിൽ നിന്നു മാറിചിന്തിച്ചു തുടങ്ങിയിട്ടുണ്ട്.

കഴിഞ്ഞ പത്തു വർഷത്തിനിടയിലുണ്ടായ ഈ മാറ്റം വഴി വിപണന സാധ്യത ഏറെയുള്ള നിരവധി പഴവർഗങ്ങൾ അവർ നാട്ടിലെത്തിക്കുകയും ചെയ്തു. ഒട്ടുമിക്ക വിദേശ പഴവർഗച്ചെടികളും കൃഷി ചെയ്യാൻ പറ്റിയ കാലാവസ്ഥയാണു കേരളത്തിലുള്ളത് എന്ന തിരിച്ചറിവിലാണ് ആ കൃഷി മാറ്റം.



ഉഷ്ണമേഖലാ പഴവർഗങ്ങളുടെ കൃഷിയിൽ കേരളത്തിലെപ്പോലെ ഭൂപ്രകൃതിയിലും കാലാവസ്ഥയിലും അനുകൂല സാഹചര്യമുള്ള മറ്റു സംസ്ഥാനങ്ങളില്ല. ഇക്കാര്യത്തിൽ കർണാടകത്തിനു മാത്രമാണു ചെറുതായെങ്കിലും വെല്ലുവിളി ഉയർത്താൻ കഴിയുന്നത്.

ആഗോളതലത്തിൽ ഇന്ത്യയുടെ പഴവർഗ ഉത്പാദനം 1012 കോടി ടൺ വരെ മാത്രമാണ്. ഇതിന്റെ മൂന്നിരട്ടിയാണു ചൈനയുടെ ഉത്പാദനം. അത് ഏകദേശം 3035 കോടി ടൺ വരും.

ലോക ജനസംഖ്യയിൽ ഒന്നാം സ്ഥാനത്തുള്ള ഇന്ത്യയിലാണ് ഏറ്റവും കൂടുതൽ സസ്യഭുക്കുകൾ ഉള്ളതെന്ന കാര്യം കൂടി ചേർത്തു വായിച്ചാൽ പഴങ്ങളുടെ ഉപഭോഗസാധ്യത എത്രമാത്രമുണ്ടാകുമെന്നു കണക്കു കൂട്ടാനാകും.





അത്രയ്ക്കു വിശാലമാണ് ഇന്ത്യയുടെ ആഭ്യന്തര മാർക്കറ്റ്. റംബൂട്ടാൻ, മാങ്കോസ്റ്റിൻ, ഡ്രാഗൺ ഫ്രൂട്ട് എന്നീ ഇനങ്ങളുടെ ആഗോള കുത്തക ഇപ്പോഴും ദക്ഷിണേഷ്യൻ രാജ്യങ്ങളായ വിയറ്റ്നാം, തായ്‌ലൻഡ്, ഇന്തോനേഷ്യ, മലേഷ്യ എന്നീ രാജ്യങ്ങൾക്കാണ്.

രാജ്യാന്തര വിപണിയിൽ നമുക്ക് മത്സരിക്കേണ്ടി വരുന്നത് ഈ രാജ്യങ്ങളോടു തന്നെ. സുസ്ഥിര വരുമാനം ഉറപ്പാക്കാവുന്നതും കേരളത്തിന്റെ കാലാവസ്ഥയിൽ സമൃദ്ധമായി വിളയുന്നതുമായ പത്തിനം പഴവർഗച്ചെടികളാണു പ്രധാനമായും വാണിജ്യകൃഷിക്കു പരിഗണിക്കാവുന്നത്.

റംബൂട്ടാൻ, മാങ്കോസ്റ്റിൻ, അവക്കാഡോ, ദുരിയാൻ, ലോംഗൻ, ഡ്രാഗൺ ഫ്രൂട്ട്, പാഷൻ ഫ്രൂട്ട്, പപ്പായ, തണ്ണിമത്തൻ, പ്ലാവ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന പഴവർഗമാണ് റംബൂട്ടാൻ.

ഇതിനോടകം ചെറുതും വലുതുമായ നിരവധി തോട്ടങ്ങൾ വച്ചു പിടിപ്പിച്ചു കർഷകർ ആദായമെടുത്തു തുടങ്ങിയിട്ടുണ്ട്. ഏക്കറിന് അഞ്ചു മുതൽ ഏഴു ടൺ വരെ വിളവ് ലഭിക്കുന്ന റംബൂട്ടാന് എക്കാലത്തും നല്ല ഡിമാൻഡുണ്ട്.

സീസണിൽ പോലും കിലോയ്ക്ക് 150 200 രൂപയിൽ താഴാറില്ല. അഞ്ചിലേറെ ഇനങ്ങൾ കൃഷി ചെയ്യാറുണ്ടെങ്കിലും കേരളത്തിനു പ്രധാനമായും രണ്ടിനങ്ങളാണു യോജിച്ചത്. എൻ18 ഉം റോങ് റിയാനും.

തെക്കൻ കേരളത്തിനും മധ്യകേരളത്തിനും തികച്ചും അനുയോജ്യമായ എൻ18 ഏക്കറിന് 5 6 ടൺ വരെ വിളവ് ലഭിക്കും. എന്നാൽ, സൂക്ഷിപ്പ്കാലം കുറവാണെന്ന പോരായ്മയുണ്ട്.

എന്നാൽ, വടക്കൻ കേരളത്തിനും വയനാട്, ഹൈറേഞ്ച് പോലെ ഉയർന്ന സ്ഥലങ്ങൾക്കും കർണാടകത്തിനും യോജിച്ച റോങ് റിയാന് സൂക്ഷിപ്പു കാലം കൂടുതലുണ്ടെന്ന മേന്മയുണ്ട്.

പഴങ്ങൾ ഒരാഴ്ച വരെ കേടുകൂടാതെ സൂക്ഷിക്കാം. ചൂട് കൂടിയ ഇടങ്ങളിൽ ഇതിന് അതിജീവനശേഷി കൂടുതലാണ്. അതുകൊണ്ട് രണ്ടിനങ്ങളും കൃഷി ചെയ്യുന്നതാണ് ഉചിതം.

പരമ്പരാഗതമായി 40 x 40 അടി അകലത്തിലാണു റംബൂട്ടാൻ നടുന്നത്. ഏക്കറിന് 27 ചെടികൾ വരെ. പരമാവധി ഉത്പാദനം കിട്ടാൻ 68 വർഷം വരെ കാത്തിരിക്കണം.

57 ടൺ വരെ വിളവും ലഭിക്കും. ആദ്യ വർഷങ്ങളിൽ കളനിയന്ത്രണത്തിനു കൂടുതൽ പണം ചെലവഴിക്കേണ്ടി വരുമെന്നതാണു ന്യൂനത. അതിനു പകരം അതിസാന്ദ്രതാ രീതി സ്വീകരിക്കുന്നതു നല്ലതാണ്.

നന്നായി പ്രൂൺ ചെയ്തു നല്ലവണ്ണം സൂര്യപ്രകാശം ലഭിക്കത്തക്ക വിധം വളർത്തിയാൽ 20 x 20 അടി അകലത്തിൽ ഏക്കറിൽ 100 ചെടികൾ വരെ വയ്ക്കാം. നല്ല പരിചരണം നൽകിയാൽ മൂന്നാം വർഷം 22.5 ടൺ വിളവ് കിട്ടും. അഞ്ചാം വർഷം അത് 5 ടണ്ണായി വർധിക്കുകയും ചെയ്യും.

തൃശൂർ ചാലക്കുടിക്ക് അടുത്തുള്ള പരിയാരം, വെറ്റിലപ്പാറ, കോടശേരി പ്രദേശങ്ങൾ മാങ്കോസ്റ്റിൻ കൃഷിക്കു പ്രസിദ്ധമാണ്. മലേഷ്യയിൽ നിന്നു പതിറ്റാണ്ടുകൾക്കു മുൻപെത്തിയ ഈ ഇനം ഇന്നു നാട്ടുകാരുടെ പ്രധാന വരുമാനമാർഗമാണ്.

സീസണിൽ പോലും മൊത്ത വില എത്ര കുറഞ്ഞാലും കിലോയ്ക്ക് 175 രൂപകിട്ടും. ദീർഘകാല വിളയായ മാങ്കോസ്റ്റിൻ പൂവിടാൻ 78 വർഷമെടുക്കും. മൂന്നു വർഷം പ്രായമായ തൈകൾ വയ്ക്കുക എന്നതാണ് അതിനു പരിഹാരം. അതുവഴി അഞ്ചാം വർഷം വിളവെടുക്കാം.

ഹൈറേഞ്ച്, വയനാട് പോലെ സമുദ്രനിരപ്പിൽ നിന്ന് 1000 അടിക്കു മേൽ ഉയരമുള്ള പ്രദേശങ്ങളാണ് മാങ്കോസ്റ്റിൻ കൃഷിക്ക് അനുയോജ്യം. മഴ കൂടുമ്പോൾ താഴ്ന്ന പ്രദേശങ്ങളിലെ പഴങ്ങളിൽ രോഗങ്ങൾ കൂടുതലായി കണ്ടുവരാറുണ്ട്.

സാധാരണ 20 x 20 അടി അകലത്തിലാണ് വയ്ക്കാറുള്ളതെങ്കിലും അതിസാന്ദ്രതാ കൃഷിയിൽ 15 x 15 അടി മതി. എന്നാൽ, സമൃദ്ധമായി സൂര്യപ്രകാശം ലഭിക്കത്തവിധം പ്രൂൺ ചെയ്തു വളർത്തണമെന്നു മാത്രം.

ഉയർന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ ഏറെ അനുയോജ്യമാണ് അവക്കാഡോ. സമുദ്രനിരപ്പിൽ നിന്ന് 2000 അടിയെങ്കിലും ഉയർന്ന സ്ഥലത്താണ് ഈ ചെടി നന്നായി കായ്ക്കുന്നത്.

അതുകൊണ്ടു തന്നെ ഹൈറേഞ്ചിനും വയനാടിനും പറ്റിയ വിളയാണിത്. മൂപ്പെത്തിയ ശേഷവും ചെടിയിൽ നിൽക്കുമെന്നതാണു പ്രത്യേകത. വിളവെടുത്താലും ഒരാഴ്ച വരെ സൂക്ഷിക്കാം.

ശരാശരി 250400 ഗ്രാം വരെ തൂക്കമുള്ള പഴത്തിനാണ് ഇന്ത്യൻ വിപണിയിൽ പ്രിയം. 20 x 20 അടി അകലത്തിൽ ഒരേക്കറിൽ 100 ചെടികൾ വരെ കൃഷി ചെയ്യാം.

ഇന്ത്യയിൽ കൃഷി ചെയ്യുന്നതെല്ലാം ട്രോപ്പിക്കൽ ഇനങ്ങളാണെങ്കിലും ഹാസ് ഇനത്തിനാണ് കേരളത്തിൽ കൂടുതൽ സാധ്യത. വയനാട്ടിലും ഇടുക്കിയിലും ഹൈറേഞ്ചിലുമൊക്കെ ഹാസ് നന്നായി വിളയും.

ശരിയായ ആദായം കിട്ടാൻ എ ടൈപ്പായ ഹാസിനൊപ്പം കുറച്ച് ബി ടൈപ്പ് ചെടികൾ കൂടി കൃഷി ചെയ്യാൻ ശ്രദ്ധിക്കണം. അഞ്ചാം വർഷം ഒരു ചെടിയിൽ നിന്നു കുറഞ്ഞത് 50 കിലോ പഴം കിട്ടും.

പൊതുവേ അവക്കാഡോയ്ക്ക് രോഗ, കീട ബാധകൾ വളരെ കൂടുതലാണ്. അതുകൊണ്ടു നല്ല നീർവാഴ്ചയുള്ള സ്ഥലങ്ങളിലും ഉയരം കൂടിയ സ്ഥലങ്ങളിലും മാത്രം കൃഷി ചെയ്യുന്നതാണ് ഉചിതം. മണം കൊണ്ടു വെറുപ്പിക്കുന്നതും രുചികൊണ്ടു കൊതിപ്പിക്കുന്നതുമായ പഴമാണു ദുരിയാൻ. ഇന്തോനേഷ്യ, മലേഷ്യ രാജ്യങ്ങളാണു ജന്മദേശം. സീസണിൽ തായ്‌ലൻഡിൽ സംഘടിപ്പിക്കുന്ന ദുരിയാൻ മേളകളിൽ പങ്കെടുത്തു രുചി ആസ്വദിക്കാൻ ലോകത്തിന്റെ നാനാഭാഗത്തു നിന്ന് ആയിരങ്ങളാണ് എത്തുന്നത്.

40x40 അടി അകലത്തിൽ നട്ടാൽ ആറാം വർഷം കായ്ക്കും. ഇനത്തിൽ വ്യത്യാസമനുസരിച്ച് ഓരോ പഴത്തിനും 14 കിലോ വരെ തൂക്കമുണ്ടാകും. സീസണിൽ പോലും കിലോയ്ക്ക് 300 രൂപ വിലയുണ്ട്.

മോങ്തോങ്, മൊസാങ്കിങ്, ബ്ലാക്ക് ത്രോൺ, റെഡ് ത്രോൺ തുടങ്ങിയ ഇനങ്ങളാണു കേരളത്തിൽ കൃഷി ചെയ്തു വരുന്നത്. ഉയർന്ന സ്ഥലങ്ങളിൽ ലീലാപ്പൈ എന്ന ഇനം തികച്ചും അനുയോജ്യമാണ്.

പൂർണ വളർച്ചയെത്തിയ ഒരു മരത്തിൽ നിന്നു വർഷം 100 പഴങ്ങൾ വരെ പ്രതീക്ഷിക്കാം. വിപണിയിൽ നല്ല ഡിമാൻഡുള്ള പഴമാണ് ലോംഗൻ. കേരളത്തിലെ കാലാവസ്ഥയ്ക്ക് ഏറെ അനുയോജ്യമാണ് ഈ പഴവർഗച്ചെടി.



എന്നാൽ, നല്ല ഇനങ്ങളുടെ അഭാവം പ്രശ്നമാണ്. അത്യുത്പാദന ശേഷിയുള്ള ഡയമണ്ട് റിവർ, ബ്ലാക്ക് ലീഫ് തുടങ്ങിയ ഇനങ്ങൾ കൃഷി ചെയ്താൽ വലിയ സാധ്യതയാണ് നിലവിലുള്ളത്.

തായ്‌ലൻഡിൽ നിന്നു വൻതോതിൽ ഇറക്കുമതി ചെയ്യുന്ന ലോംഗൻ, ഇതിനോടകം മാർക്കറ്റിൽ ശ്രദ്ധേയ സ്ഥാനം നേടിക്കഴിഞ്ഞു. വിയറ്റ്നാമിന്റെ ചെലവിൽ നമ്മൾ വളർത്തിയെടുത്ത പഴച്ചെടിയാണ് ഡ്രാഗൺ ഫ്രൂട്ട്.

അമിത ഉത്പാദനത്തെത്തുടർന്നു വില്പനയ്ക്കായി ഇന്ത്യയിൽ എത്തിച്ച പഴങ്ങളുടെ നിറവും ഭംഗിയുമാണു നാട്ടുകാരെ ആകർഷിച്ചത്. രുചികൂടി നാവിനു പിടിച്ചതോടെ അതൊന്നു പരീക്ഷിക്കാൻ നമ്മൾ തീരുമാനിക്കുകയായിരുന്നു.

അധിക കാലമാകുന്നതിനു മുൻപുതന്നെ അതു വിദേശ പഴങ്ങളുടെ കൂട്ടത്തിൽ പ്രമുഖസ്ഥാനം നേടുകയും ചെയ്തു. ഡ്രാഗൺ ഫ്രൂട്ട് ഇനങ്ങൾ പലതുണ്ടെങ്കിലും വിപണിക്കു പ്രിയം മലേഷ്യൻ പിങ്ക് ഇനങ്ങളോടാണ്.

300500 ഗ്രാം വരെ തൂക്കമുള്ള പഴത്തിന്റെ രുചിയും മികച്ചതാണ്. വെളുത്ത ഇനങ്ങളോട് പൊതുവേ താത്പര്യക്കുറവാണ്. മഞ്ഞ ഇനങ്ങൾക്ക് ഡിമാൻഡുണ്ടെങ്കിലും ഉത്പാദനക്ഷമത കുറവാണ്.

# ട്രാൻസ് യൂണിയൻ സിബിലിൻെറ എംഎസ്എംഇ കോൺക്ലേവ് കൊച്ചിയിൽ നടത്തി

**കൊച്ചി:** ചെറുകിട സംരംഭക മേഖലയ്ക്കുള്ള വായ്പകൾ ഊർജിതമാക്കുക എന്ന ലക്ഷ്യവുമായി ട്രാൻസ് യൂണിയൻ സിബിൽ കൊച്ചിയിൽ എംഎസ്എംഇ കോൺക്ലേവ് സംഘടിപ്പിച്ചു. രാജ്യം 2030 ഓടെ ഏഴു ട്രില്യൺ ഡോളർ സമ്പദ്ഘടനയായി മാറുന്നതിനുള്ള പ്രയാണത്തിന് അനിവാര്യമായ ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭക മേഖലയിലേക്കുള്ള വായ്പകൾ ഊർജ്ജിതമാക്കുക എന്ന ലക്ഷ്യവുമായാണ് എംഎസ്എംഇ കോൺക്ലേവ് എനേബിളിങ് ക്രെഡിറ്റ് ഫോർ ഡെവലപ്പിങ് ഭാരത് എന്ന പേരിലുള്ള ഈ പരിപാടി സംഘടിപ്പിച്ചത്.

തൊഴിലവസരങ്ങൾ സൃഷ്ടിച്ചും പ്രാദേശിക വികസനം പ്രോത്സാഹിപ്പിച്ചും വരുമാനത്തിലെ അന്തരം കുറച്ചും പുതുമകളും സംരംഭകത്വവും പ്രോൽസാഹിപ്പിച്ചും രാജ്യത്തിൻറെ ജിഡിപി വളർച്ചയിൽ ഗണ്യമായ സംഭാവനയാണ് ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭ മേഖല നൽകുന്നതെന്ന് ട്രാൻസ് യൂണിയൻ സിബിലിൻറെ എംഎസ്എംഇ കോൺക്ലേവ് ചൂണ്ടിക്കാട്ടി. ഈ മേഖലയിലെ വായ്പാ രംഗത്തേക്കു കടക്കുകയും എംഎസ്എംഇ വായ്പാ മേഖല സുസ്ഥിരമായി വളരാൻ സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വായ്പാ ദാതാക്കൾക്ക് ഇതേക്കുറിച്ചുള്ള ആഴത്തിലെ അറിവുകളും വിശകലനങ്ങളും ലഭ്യമാക്കുകയാണ് ഉദ്ദേശം.

ബാങ്ക് ഓഫ് ബറോഡ സോണൽ എംഎസ്എംഇ മേധാവി ശ്രീജിത്ത് കോട്ടാരത്തിൽ മുഖ്യ പ്രഭാഷണം നടത്തി. സൗത്ത് ഇന്ത്യൻ ബാങ്ക് ഹെഡ് അനലിസ്റ്റ് ജി വിനോദ് സംവദിച്ചു. ബാങ്കുകൾ, വായ്പാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ കോൺക്ലേവിൽ സംബന്ധിച്ചു.കേരളത്തിലെ ചെറുകിട വായ്പാ രംഗത്തു മുന്നിൽ നിൽക്കുന്നത് സ്വകാര്യ ബാങ്കുകൾ കേരളത്തിലെ ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങൾക്കുള്ള വായ്പാ മേഖലയിൽ സ്വകാര്യ മേഖലാ ബാങ്കുകളുടെ മുൻതൂക്കം തുടരുകയാണ്. 2024 ജൂണിൽ അവസാനിച്ച ത്രൈമാസത്തിൽ ആകെ വായ്പകളുടെ 86 ശതമാനമാണ് ഇവരുടെ വിഹിതം. ഏറ്റവും കൂടുതൽ നൽകിയിട്ടുള്ളത് 25 ശതമാനം വരുന്ന ട്രേഡ് മേഖലയിലാണ്. സംസ്ഥാനത്ത് എംഎസ്എംഇ മേഖലയ്ക്ക് നൽകിയിട്ടുള്ള വായ്പകളിൽ 78 ശതമാനവും സ്വർണ പണയ വായ്പകളാണ്. ശക്തമായ ആസ്തി നിലവാരമാണിതു സൂചിപ്പിക്കുന്നത്. സിബിൽ എംഎസ്എംഇ റാങ്കിൽ 13 സ്ഥാനത്തോടെ ഏറ്റവും കുറഞ്ഞ നഷ്ടസാധ്യതകളുള്ള വിഭാഗമാണിത്.

ചെറുകിട മേഖലയ്ക്ക് കേരളത്തിൽ ഏറ്റവും കൂടുതൽ വായ്പകൾ വിതരണം ചെയ്തിട്ടുള്ളത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലാണ്. എറണാകുളത്ത് സ്വകാര്യ മേഖലാ ബാങ്കുകൾ 47 ശതമാനം വായ്പകൾ നൽകിയിട്ടുള്ളപ്പോൾ തിരുവനന്തപുരത്ത് പൊതുമേഖലാ ബാങ്കുകൾ 65 ശതമാനവും കോഴിക്കോട് 49 ശതമാനവും വായ്പകൾ നൽകിയിട്ടുണ്ട്.

ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭ മേഖലയിലേക്കുള്ള വായ്പകളുടെ ഒഴുക്കിനെ എളുപ്പമാക്കുന്ന സുപ്രധാന ഘടകങ്ങളാണ് സിബിൽ എംഎസ്എംഇ റാങ്കും കമേഴ്സ്യൽ ക്രെഡിറ്റ് റിപ്പോർട്ടും. നഷ്ട സാധ്യതാ നയങ്ങൾ, വേഗത്തിലും എളുപ്പത്തിലും വായ്പകൾ അനുവദിക്കലും വിതരണം ചെയ്യലും, യുക്തിസഹമായി ആസ്തികൾ ആസൂത്രണം ചെയ്യൽ തുടങ്ങിയവ തയ്യാറാക്കുന്നതിൽ ഇതു വായ്പാ സ്ഥാപനങ്ങളെ സഹായിക്കുന്നു.

എംഎസ്എംഇകളുടെ വായ്പാ ചരിത്രത്തെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ അടങ്ങിയതാണ് കമേഴ്സ്യൽ ക്രെഡിറ്റ് റിപ്പോർട്ട്. നേടിയിട്ടുള്ള വായ്പകളുടെ സ്വഭാവവും തുകയും, തിരിച്ചടക്കൽ രീതികൾ, നിലവിലുള്ള ബാധ്യതകൾ തുടങ്ങിയവയും ഇതിലുണ്ടായിരിക്കും. എന്തെങ്കിലും കുടിശ്ശികയോ വൈകിയ തിരിച്ചടവുകളോ ഉണ്ടെങ്കിൽ അതും സൂചിപ്പിക്കും. വായ്പയുടെ നഷ്ടസാധ്യതകൾ വിലയിരുത്തുന്ന വിധത്തിൽ കമ്പനിയുടെ വായ്പാ സ്വഭാവത്തെ കുറിച്ചുള്ള കൃത്യമായ ചിത്രം ഇതിലൂടെ വായ്പാ സ്ഥാപനങ്ങൾക്കു ലഭിക്കും.

പത്തു മുതൽ ഒന്നു വരെയാണ് സിബിൽ എംഎസ്എംഇ റാങ്ക്. ഇതിൽ ഒന്നാണ് ഏറ്റവും മികച്ചത്. എംഎസ്എംഇകളുടെ വായ്പാ വിവരങ്ങൾ ഒറ്റ അക്കത്തിൽ ഇതു പ്രദാനം ചെയ്യുന്നു. അതുവഴി ബിസിനസിൻറെ വായ്പാ ചരിത്രവും വായ്പാ തിരിച്ചടക്കൽ രീതികളും ലഭ്യമാകും. 50 കോടി രൂപ വരെ വായ്പകളുള്ള കമ്പനികൾക്കു മാത്രമാണ് ഈ റാങ്ക് ലഭ്യമാകുക.

ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭകത്വ മേഖലയിൽ വായ്പ നൽകുന്ന സ്ഥാപനങ്ങളെ പിന്തുണക്കുന്നതിനുള്ള പ്രതിബദ്ധത തുടർന്നു കൊണ്ട് ട്രാൻസ് യൂണിയൻ സിബിൽ രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ എംഎസ്എംഇ കോൺക്ലേവുകളുടെ പരമ്പര സംഘടിപ്പിക്കും.

## സൗജന്യ ഡിജിസിഎ അംഗീകൃത പൈലറ്റ് പരിശീലനം വാഗ്ദാനം ചെയ്ത് മാരുത് ഡ്രോൺസ്

**ഹൈദരാബാദ്:** പ്രമുഖ ഡ്രോൺ ടെക്നോളജി കമ്പനിയായ മാരുത് ഡ്രോൺസ്, കാർഷികരംഗത്ത് ഡ്രോൺ സാങ്കേതികവിദ്യ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് സൗജന്യമായി ഡിജിസിഎ സർട്ടിഫൈഡ് പൈലറ്റ് പരിശീലനം നൽകും. ഈ പരിശീലന പരിപാടിയിലൂടെ ഉപഭോക്താക്കൾക്ക് 10 വർഷം സാധുതയുള്ള ഡിജിസിഎ സർട്ടിഫൈഡ് റിമോട്ട് പൈലറ്റ് സർട്ടിഫിക്കറ്റ് (ആർപിസി) സ്വന്തമാക്കാം.




കാർഷിക ആവശ്യങ്ങൾക്കായി ഡ്രോണുകൾ പ്രവർത്തിപ്പിക്കുന്ന വ്യക്തികൾ റിമോട്ട് പൈലറ്റ് സർട്ടിഫിക്കറ്റ് (ആർപിസി) നേടേണ്ടതുണ്ട്. ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ) ഈ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദീകരിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തിൽ കാർഷിക സീസൺ ആരംഭിക്കുന്നതിനാൽ, ഒക്ടോബർ മാസം മുഴുവൻ തങ്ങളുടെ ഉപഭോക്താക്കൾക്ക് മാരുത് ഡ്രോൺസ് സൗജന്യ പരിശീലനം നൽകും. സാധാരണയായി 42,000 രൂപ ചെലവ് വരുന്ന പരിശീലന പരിപാടിയാണ് ഇത്.

ഈ 5 ദിവസത്തെ കോഴ്സ് ഡ്രോൺ ഒരു സേവനമായോ സ്പ്രേ ആപ്ലിക്കേഷനുകളായോ നൽകാൻ താൽപ്പര്യമുള്ള ഏതൊരു വ്യക്തിക്കും വേണ്ടി രൂപകൽപ്പന ചെയ്തിരിക്കുന്നതാണ്. ഈ കോഴ്സിൽ ഡിജിസിഎ നിയമങ്ങളെയും നിയന്ത്രണങ്ങളെയും കുറിച്ചുള്ള സൈദ്ധാന്തിക ഉൾക്കാഴ്ചകൾ, ഡ്രോൺ ഡാറ്റ വിശകലനം, പേലോഡ് വിനിയോഗം എന്നിവയ്ക്കൊപ്പം സിമുലേറ്റർ പരിശീലനവും ഉൾപ്പെടുന്നു.

ഇന്ത്യയിലുടനീളമുള്ള പാർട്ണർ അക്കാദമികളുടെയും ആർപിടിഒകളുടെയും വിപുലമായ ശൃംഖല പ്രയോജനപ്പെടുത്തിയാണ്, രാജ്യവ്യാപകമായി ഉപഭോക്താക്കൾക്ക് പരിശീലനം നൽകുക.

'വിപണിയിലുള്ള മിക്ക ഡ്രോണുകളും രൂപകൽപ്പന ചെയ്തിരിക്കുന്നത് കീടനാശിനി തളിക്കൽ പോലെയുള്ള ഒരൊറ്റ ആവശ്യത്തിനായാണ്. കർഷകർ നേരിടുന്ന വ്യത്യസ്ത വെല്ലുവിളികൾ തിരിച്ചറിഞ്ഞ്, ഞങ്ങൾ ആദ്യത്തെ മൾട്ടിയൂട്ടിലിറ്റി ഡ്രോണായ എജി365 വികസിപ്പിച്ചു. ഒക്ടോബർ മാസത്തെ നൈപുണ്യ വികസന പരിശീലന കോഴ്സ്, ഡ്രോൺ സാങ്കേതികവിദ്യ സ്വീകരിക്കാനും സാമ്പത്തിക സ്വാതന്ത്ര്യം നേടാനും ആഗ്രഹിക്കുന്ന വ്യക്തികൾക്ക് എൻട്രി ലെവൽ പിന്തുണ നൽകുക എന്നതാണ് മാരുതിന്റെ ലക്ഷ്യം,' മാരുത് ഡ്രോൺസ് സിഇഒയും സഹസ്ഥാപകനുമായ പ്രേം കുമാർ വിസ്ലാവത്ത് പറഞ്ഞു.വായ്പാ സൗകര്യവും വിൽപ്പനാനന്തര പിന്തുണയും, ഇൻഷുറൻസും മാരുത് ഡ്രോൺസ് നൽകുന്നുണ്ട്. ഡ്രോൺ വാങ്ങുന്നവർക്ക് കേന്ദ്ര സർക്കാരിൽ നിന്ന് സബ്സിഡി യുംലഭിക്കും.അന്വേഷണങ്ങൾക്കായി 9052999365 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടുക.

## മാർക്കറ്റ് ലിങ്ക്ഡ് പെൻഷൻ പ്ലാനുമായി ഐസിഐസിഐ പ്രൂ

**കോഴിക്കോട്:** ഉപഭോക്താക്കളെ കോസ്റ്റ് ആൻഡ് ടാക്സ് കാര്യക്ഷമമായ റിട്ടയർമെന്റ് ഫണ്ട് നിർമിക്കാൻ പ്രാപ്തരാക്കുന്ന മാർക്കറ്റ് ലിങ്ക്ഡ് പെൻഷൻ പ്ലാൻ അവതരിപ്പിച്ച് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. ഐസിഐസിഐ പ്രു സിഗ്നേച്ചർ പെൻഷൻ എന്ന പേരിലാണ് പുതിയ പ്ലാൻ. റിട്ടയർമെന്റ് പ്ലാനിങ്ങിലെ അക്യുമുലേഷൻ, ഇൻകം ജനറേഷൻ ഘട്ടങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യാൻ ഉപഭോക്താക്കളെ സഹായിക്കുന്ന വിധത്തിലാണ് പ്ലൻ രൂപകൽപന ചെയ്തിരിക്കുന്നത്. ഉപഭോക്താക്കൾക്ക് ഇക്വിറ്റിയിലേക്ക് 100% എക്സ്പോഷർ ലഭിക്കാൻ അനുവദിക്കുന്ന പ്ലാൻ ഇക്വിറ്റി, ഡെബ്റ്റ്, ബാലൻസ്ഡ് ഫണ്ടുകൾ എന്നിവയ്ക്കിടയിൽ പരിധിയില്ലാത്ത സൗജന്യ സ്വിച്ചുകളും വാഗ്ദാനം ചെയ്യുന്നു. ഈ പ്ലാനിലൂടെ ഐസിഐഐസിഐ പ്രൂ പെൻഷൻ ഇന്ത്യ ഗ്രോത്ത് ഫണ്ട്, ഐസിഐസിഐ പ്രു പെൻഷൻ ബാലൻസ്ഡ് ഫണ്ട് എന്നിങ്ങനെ രണ്ട് പുതിയ ഫണ്ടുകളും കമ്പനി വാഗ്ദാനം ചെയ്യുന്നു. ഉപഭോക്താക്കൾക്ക് വരുമാനം ആരംഭിക്കുന്ന തീയതി മുൻകൂട്ടിയോ അല്ലെങ്കിൽ പിന്നീടോ ചെയ്യാൻ പ്ലാനിൽ അവസരമുണ്ട്. ഫണ്ട് മൂല്യത്തിന്റെ 60% വരെ നികുതിയില്ലാതെ പിൻവലിക്കാനും അവസരമുണ്ടെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട അറിയിച്ചു.

## സംഭവ് സ്റ്റീൽ ട്യൂബ്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ ഇലക്ട്രിക് റെസിസ്റ്റൻസ് വെൽഡിങ്(ഇആർഡബ്ല്യു) സ്റ്റീൽ പൈപ്പുകളുടെയും സ്ട്രക്ചറൽ ട്യൂബുകളുടെയും മുൻനിര നിർമാതാക്കളായ സംഭവ് സ്റ്റീൽ ട്യൂബ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

പത്ത് രൂപ വീതം മുഖവിലയുള്ള ഓഹരികളുടെ ഐപിഒയിലൂടെ 540 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 440 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 100 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ .



# ഒ ബൈ താമരയിൽ കേക്ക് മിക്സിംഗ്

**തിരുവനന്തപുരം:** ക്രിസ്തുമസ് ആഘോഷകാലത്തിന് തുടക്കം കുറിച്ചുകൊണ്ട് കേക്ക് മിക്സിംഗ് സെറിമണി സംഘടിപ്പിച്ച് തിരുവനന്തപുരം ഒ ബൈ താമര. ഒക്ടോബർ 3ന് സംഘടിപ്പിച്ച പരിപാടിയിൽ വിശിഷ്ടാതിഥികളും ഇൻഫ്ളുവൻസർമാരും ഹോട്ടൽ ജീവനക്കാരും പങ്കെടുത്തു. ഒ ബൈ താമരയുടേയും ലൈലാക് ഹോട്ടൽസിന്റേയും ഗ്രൂപ്പ് ഷെഫായ സുരേഷ് പിഎം കേക്ക് മിക്സിംഗ് സെറിമണിക്ക് നേതൃത്വം നൽകി. 250 കിലോ ഗ്രാമിന് മുകളിൽ ഡ്രൈ ഫ്രൂട്ട്സും നട്സുകളുമാണ് മിക്സ് ചെയ്തത്. ഫ്രഷ് ഫ്രൂട്ട് ജ്യൂസ്, പ്രീമിയം സ്പിരിറ്റ് എന്നിവകൂടി ഇവയ്ക്കൊപ്പം ചേർന്നപ്പോൾ ഈ ക്രിസ്തുമസ് കാലത്തെ ആഘോഷങ്ങൾക്കായുള്ള രുചികരമായ കേക്കുകൾക്കുള്ള ചേരുവ തയ്യാർ. ഐക്യത്തിന്റെയും ഒരുമയുടെയും പ്രതീകമായ ഈ കേക്ക് മിക്സിംഗ് ആഘോഷത്തിൽ ഒ ബൈ താമര ജീവനക്കാർക്കൊപ്പം ക്ഷണിക്കപ്പെട്ട അതിഥികളും പങ്കാളികളായിരുന്നു.



# ഒബൈൻ ഇലക്ട്രിക് ഉത്സവ കാംപയിൻ ആരംഭിക്കുന്നു

**കൊച്ചി :** പ്രമുഖ ഇലക്ട്രിക് വാഹന നിർമ്മാതാക്കളായ ഒബൈൻ ഇലക്ട്രിക് നിരവധി വാഗ്ദാനങ്ങളുമായി രാജ്യവ്യാപക പ്രചാരണത്തിന് തുടക്കമിടുന്നു. ഒക്ടോബർ 12 വരെ, കസ്റ്റമേഴ്സിന്ഇലക്ട്രിക് മോട്ടോർസൈക്കിൾ ഒബൈൻ റോർ 1,19,999 രൂപയുടെ എക്സ് ഷോറൂം വിലയ്ക്ക് ലഭിക്കുന്നു, യഥാർത്ഥ എക്സ്ഷോറൂം വിലയായ 149,999 രൂപയിൽ നിന്ന് 30,000 രൂപയുടെ ഡിസ്കൗണ്ട്. കൂടാതെ, ഓരോ പർച്ചേസിനും 5 വർഷത്തെ വിപുലീകൃത വാറന്റി, ഒപ്പം ഐഫോൺ 15, ഐപാഡ് മിനി , സോണി ഹെഡ്ഫോണുകൾ എന്നിവ നേടാനുള്ള അവസരമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# സിംപോളോ പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കി

**കൊച്ചി :** സിംപോളോ ടൈൽസ് ആൻഡ് ബാത്ത് വെയർ പുതിയ ഉത്പന്നങ്ങൾ പുറത്തിറക്കി. പൊതു ഇടങ്ങൾക്ക് അനുയോജ്യമായ പോഷ്+, ആന്റിഫാൾ ശേഖരമായ റോക്ക്ഡെക്ക്, ഗ്ലിഫ്സ്റ്റോൺ, ആൽക്കിമിയ, വെനിറ്റോ,സ്പാർകോ, മാർമോറിക്ക, ബസാൾട്ടിനോ ടൈൽസ് കളക്ഷനുകളാണ് സിംപോളോ പുറത്തിറക്കിയത്. ആധുനിക വാസ്തുവിദ്യയുടെയും രൂപകൽപ്പനയുടെയും അടിസ്ഥാനത്തിൽ രൂപകൽപ്പന ചെയ്തതാണ് പുതിയ ഉത്പന്നങ്ങൾ.

പുതിയ ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ഈടുനിൽക്കുന്നതിനും സുരക്ഷിതത്വത്തിനും ഏറ്റവും ഉയർന്ന നിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടെന്നു സിംപോളോ ഗ്രൂപ്പിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജിതേന്ദ്ര അഘാര പറഞ്ഞു

## അറക്കവാൾ സ്രാവിനെ അറിയാം

# സിഎംഎഫ്ആർഐയിൽ വിദ്യാർത്ഥികളുടെ സംഗമം

**കൊച്ചി:** അതിതീവ്ര വംശനാശഭീഷണി നേരിടുന്ന അറക്കവാൾ സ്രാവിനങ്ങളെ (സോഫിഷ്) കുറിച്ചുള്ള ബോധവൽകരണം ലക്ഷ്യമിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വിദ്യാർത്ഥികളെുടെയും ശാസ്ത്രജ്ഞരുടെയും സംഗമം നടത്തുന്നു. അന്താരാഷ്ട്ര അറക്കവാൾ സ്രാവ് ദിനമായ ഒക്ടോബർ 17നാണ് പരിപാടി.

വലിയ സ്രാവുകളുടെ ഗണത്തിൽപെടുന്ന ഇവയെ അടുത്തറിയാനും ശാസ്ത്രജ്ഞരുമായി സംവദിക്കാനും വിദ്യാർത്ഥികൾക്ക് അവസരമുണ്ടാകും. ഇവയുടെ പ്രത്യേകതകളും സമുദ്രത്തിൽ ഇവ നേരിടുന്ന വെല്ലുവിളികളും സംരക്ഷണരീതികളും വിശദീകരിക്കും. ഹൈസ്കൂൾതലം മുതൽ ഉയർന്ന ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

വംശനാശ ഭീഷണി മത്സ്യങ്ങളുടെ സംരക്ഷണ ബോധവൽകരണ ശ്രമങ്ങൾക്ക് വിദ്യാർത്ഥികളിലൂടെ കൂടുതൽ പ്രചാരമുണ്ടാക്കുകയാണ് സംഗമത്തിന്റെ ലക്ഷ്യമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

അറക്കവാൾ പോലെ നീണ്ട തലഭാഗം ഉള്ള ഇവക്ക് അറക്കവാൾ തലയൻ സ്രാവ്, വാളുവൻ സ്രാവ് എന്നിങ്ങനെയും വിളിപ്പേരുണ്ട്. അതിതീവ്ര വംശനാശഭീഷണി നേരിടുന്നതിനാൽ ഇവയെ ഇന്ത്യയിൽ സംരക്ഷിത വന്യജീവികളായി പ്രഖ്യാപിച്ചിട്ടുണ്ട്. നാല് അറക്കവാൾ സ്രാവിനങ്ങളെ ഇന്ത്യയിൽ കാണപ്പെടുന്നതായാണ് റിപ്പോർട്ട്. എന്നാൽ കഴിഞ്ഞ കുറച്ചു പതിറ്റാണ്ടുകളായി ഇവയിൽ ഒന്നിനെ മാത്രമാണ് ഇന്ത്യൻ കടലുകളിൽ കണ്ടുവരുന്നത്. മറ്റ് മൂന്ന് ഇനങ്ങളും ഇന്ത്യയിൽ വംശനാശഭീഷണി സംഭവിച്ചിട്ടുണ്ടാകാമെന്ന നിഗമനമാണ് സിഎംഎഫ്ആർഐയുടേത് ഉൾപ്പെടെ വിവിധ പഠനങ്ങൾ സൂചിപ്പിക്കുന്നത്. ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കൽ, ഉത്തരവാദിത്ത മത്സ്യബന്ധനം എന്നിവയിലൂടെ ഇവയുടെ നില മെച്ചപ്പെടുത്താൻ സഹായകരമാകുമെന്ന് സിഎംഎഫ്ആർഐയിലെ ശാസത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു.

താരതമ്യേന വളർച്ചാനിരക്ക് കുറവായതും മത്സ്യബന്ധനവലകളിൽ കുടുങ്ങാനുള്ള ഉയർന്ന സാധ്യതയും കാരണം ഇവ അമിതചൂഷണത്തിന് ഇരയാകുന്നുണ്ട്. ആവാസവ്യവസ്ഥയുടെ തകർച്ചയും പ്രധാന ഭീഷണിയാണ്.സംഗമത്തിൽ പങ്കെടുക്കുന്നതിന് വിദ്യാർത്ഥികൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. ffdnews24@gmail.com എന്ന ഇമെയിൽ വഴി ഒക്ടോബർ 11 വരെ വിദ്യാർത്ഥികൾക്ക് പേര് രജിസ്റ്റർ ചെയ്യാം. ഫോൺ 8089181185.

## പുതിയ ആരോഗ്യ ഇൻഷുറൻസ് സർവ്വ അവതരിപ്പിച്ച് മണിപ്പാൽ സിഗ്ന

**കൊച്ചി:** ഏറ്റവും വേഗത്തിൽ വളരുന്ന ആരോഗ്യ ഇൻഷുറൻസ് കമ്പനികളിലൊന്നായ മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷുറൻസ് 'മണിപ്പാൽ സിഗ്ന സർവ്വ' എന്ന പുതിയൊരു ആരോഗ്യ ഇൻഷുറൻസ് പോളിസി അവതരിപ്പിക്കുന്നു. എല്ലാവർക്കും എന്ന് അർഥം വരുന്ന 'സർവ്വ' പോളിസി ആരോഗ്യ ഇൻഷുറൻസുമായി ബന്ധപ്പെട്ട് പൂർണ പരിഹാരം ലഭ്യമാക്കുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കുറഞ്ഞ പ്രീമിയത്തിൽ കൂടുതൽ ഉപഭോക്തൃ വിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് ഇടത്തരക്കാർക്ക് കൂടി ആരോഗ്യ കവറേജ് ലഭ്യമാകുന്നതാണ് പുതിയ പദ്ധതി.

മണിപ്പാൽ സിഗ്ന സർവ്വ പ്രഥമം, മണിപ്പാൽ സിഗ്ന സർവ്വ ഉത്തം, മണിപ്പാൽ സിഗ്ന സർവ്വ പരം എന്നീ മൂന്ന് വ്യത്യസ്ത പദ്ധതികളിലാണ് വരുന്നത്.

# ജെഎസ്ഡബ്ല്യു പെയിന്റ്സ്: ദുൽഖർ സൽമാൻ ദക്ഷിണേന്ത്യൻ ബ്രാൻഡ് അംബാസഡർ

**കൊച്ചി:** ജെഎസ്ഡബ്ല്യു പെയിൻറ്സ് ദക്ഷിണേന്ത്യൻ ബ്രാൻഡ് അംബാസഡറായി ദുൽഖർ സൽമാനെ നിയമിച്ചു. കമ്പനിയുടെ പുതിയ കാംപയിനിൽ ദുൽഖർ സൽമാനും ആലിയ ഭട്ടും പങ്കാളികളായി.ദുൽഖർ സൽമാൻറെ ജനപ്രീതിയും വ്യത്യസ്ഥമായ അഭിനയ ചാരുതയും ജെഎസ്ഡബ്ല്യു പെയിൻറ്സിനെ ഉപഭോക്താക്കൾക്കിടയിൽ ജനപ്രീയമാക്കുമെന്നും ഇതുവഴി ദക്ഷിണേന്ത്യയിലെ വിപണി സാന്നിധ്യം ശക്തിപ്പെടുത്താനാവുമെന്നും ജെഎസ്ഡബ്ല്യു പെയിൻറ്സ് ജോയിൻറ് എംഡിയും സിഇഒയുമായ എഎസ് സുന്ദരേശൻ അഭിപ്രായപ്പെട്ടു. ജെഎസ്ഡബ്ല്യു പെയിൻറ്സുമായി സഹകരിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ദുൽഖർ സൽമാൻ അഭിപ്രായപ്പെട്ടു.




# പാചകവാതക വിലവർദ്ധനവിനെതിരെ കെ.എച്ച്.ആർ.എ

**കൊച്ചി:** അന്താരാഷ്ട്രവിപണിയിൽ പൊതുവെ ക്രൂഡ് ഓയിലിന് വിലകുറഞ്ഞിരിക്കെ പാചകവാതകത്തിന്റെ വിലവർദ്ധിപ്പിച്ചത് അന്യായമാണെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ. കഴിഞ്ഞ 2 മാസങ്ങളിലായി തുടർച്ചയായി എണ്ണക്കമ്പനികൾ പാചകവാതകത്തിന് വിലവർദ്ധിപ്പിച്ചിരിക്കുകയാണ്. അവശ്യസാധനവിലവർധനവിൽ നട്ടംതിരിയുന്ന ഹോട്ടൽ മേഖലക്ക് കനത്ത തിരിച്ചടിയാണ് പാചകവാതക വിലവർദ്ധനവ്. കേന്ദ്ര സർക്കാർ ഭക്ഷ്യഎണ്ണയുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചതിനെ തുടർന്ന് പാമോയിൽ, വെളിച്ചെണ്ണയടക്കമുള്ള ഭക്ഷ്യഎണ്ണകൾക്കും വില കുതിച്ചുയരുകയാണ്. വിലർദ്ധനവ് ഈ രീതിയിൽ തുടരുകയാണെങ്കിൽ ചെറുകിട/ഇടത്തരം ഹോട്ടലുകൾ കടുത്ത പ്രതിസന്ധിയിലാകും. നിലവിൽ പ്രവർത്തനചെലവ്പോലും ലഭിക്കുവാൻ സാധിക്കാത്തരീതിയിലാണ് വ്യാപാരം മുന്നോട്ട് പോകുന്നത്. പാചകവാതകത്തിന്റെയും ഭക്ഷ്യഉൽപ്പന്നങ്ങളുടേയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വിലകുറക്കുവാൻ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ അടിയന്തിരമായി ഇടപെടണമെന്നും ഭക്ഷ്യഎണ്ണക്കേർപ്പെടുത്തിയ തീരുവവർദ്ധനവ് പിൻവലിക്കണമെന്നും കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും ജനറൽ സെക്രട്ടറി കെ. പി. ബാലകൃഷ്ണ പൊതുവാളും ആവശ്യപ്പെട്ടു.

# ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവൽ : കേരളത്തിൽ മികച്ച പ്രതികരണം

**കൊച്ചി:** ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവൽ 2024ന് എക്കാലത്തെയും മികച്ച തുടക്കം. രാജ്യത്തുടനീളമുള്ള ഉപഭോക്താക്കൾക്ക് സന്തോഷം പകർന്നുകൊണ്ട് അാമ്വീ.ശി ൽ വിൽപ്പനക്കാർക്കും ബ്രാൻഡ് പങ്കാളികൾക്കും എക്കാലത്തെയും വലിയ ഓപ്പണിങ്ങാണ് ലഭിച്ചിരിക്കുന്നതെന്ന് ആമസോൺ ഇന്ത്യ ആൻഡ് എമർജിങ് മാർക്കറ്റ്സ് ഡയറക്ടർ കിഷോർ തോട്ട പറഞ്ഞു.ആദ്യ 48 മണിക്കൂറിനുള്ളിൽ തന്നെ മികച്ച പ്രതികരണമാണ് ലഭിച്ചത്. മേളയുടെ ആദ്യ രണ്ടു ദിവസങ്ങളിൽ 11 കോടി ഉപഭോക്താക്കൾ സന്ദർശിച്ചു. 8000ത്തിലധികം കച്ചവടക്കാർ ഒരു ലക്ഷത്തിലധികം വിൽപ്പന കുറിച്ചു. ആദ്യ 48 മണിക്കൂറിനുള്ളിൽ ഉപഭോക്താക്കൾ 240 കോടി രൂപയാണ് ലാഭം നേടിയത്. കേരളത്തിൽ പ്രാഥമികമായി ഏറ്റവും കൂടുതൽ വിൽപ്പന നടന്നത് സ്മാർട്ട്ഫോണുകൾ, സൗന്ദര്യവർധക ഉൽപ്പന്നങ്ങൾ, വസ്ത്രങ്ങൾ, നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയവയാണ്. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ നഗരങ്ങളിൽ നിന്നാണ് 65 ശതമാനം ഓർഡറുകളും ലഭിച്ചത്. സ്മാർട്ട്ഫോണുകൾ, വസ്ത്രങ്ങൾ, സൗന്ദര്യവർധക ഉൽപന്നങ്ങൾ തുടങ്ങിയവയ്ക്ക് വൻ ഡിമാൻഡോടെ സംസ്ഥാനത്തെ ഉപഭോക്താക്കൾ മേളയോട് വലിയ ആവേശമാണ് പ്രകടിപ്പിച്ചതെന്നും കൊച്ചി, തിരുവനന്തപുരം തുടങ്ങിയ നഗരങ്ങളിലെ വിൽപ്പനക്കാർ വളരുന്നത് കാണുന്നതിൻറെ ആവേശത്തിലാണ് തങ്ങളെന്നും ഇന്ത്യൻ ഇകൊമേഴ്സ് രംഗത്ത് പ്രാദേശിക വിപണികളുടെ ഉയർന്നുവരുന്ന പ്രാധാന്യവും രാജ്യത്തുടനീളമുള്ള വൈവിധ്യമാർന്ന ഉപഭോക്താക്കളുടെ ആവശ്യങ്ങൾ കാണണമെന്നുമാണ് ഇവിടെ വ്യക്തമാകുന്നതെന്നും അദേഹം പറഞ്ഞു.

ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവലിനു മുന്നോടിയായി ആമസോൺ ഇന്ത്യയിൽ റൂഫസിൻറെ ബീറ്റാ പതിപ്പ് അവതരിപ്പിച്ചിരുന്നു. ആമസോണിൻറെ ഉൽപ്പന്ന കാറ്റലോഗിലും വെബിലുടനീളവുമുള്ള വിവരങ്ങളിലും പരിശീലനം നേടിയ ഒരു വിദഗ്ധ ഷോപ്പിംഗ് സഹായിയാണ് റൂഫസ്. ഷോപ്പിംഗ് ആവശ്യങ്ങൾ, ഉൽപ്പന്നങ്ങൾ, താരതമ്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ഉപഭോക്തൃ ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും ഇതിൻറെ അടിസ്ഥാനത്തിൽ ശുപാർശകൾ നൽകാനും ഉൽപ്പന്നങ്ങൾ കണ്ടെത്തൽ സുഗമമാക്കാനും സഹായിക്കുന്നു. റൂഫസ് നിലവിൽ മലയാളം ഉൾപ്പടെയുള്ള ഇന്ത്യൻ ഭാഷകളെ പിന്തുണയ്ക്കുന്നുണ്ട്. ആയിരക്കണക്കിന് ഉപഭോക്തൃ അവലോകനങ്ങളെ അടിസ്ഥാനമാക്കി ഉൽപ്പന്ന സവിശേഷതകളും ഉപഭോക്തൃ വികാരവും ഉയർത്തിക്കാട്ടുന്ന ചെറിയ ഖണ്ഡിക സൂചനയായി നൽകുന്ന എഐ അധിഷ്ഠിത ഉപഭോക്തൃ റിവ്യൂ പോലുള്ള ജെൻ എഐ ഉൽപ്പന്നങ്ങളും ആമസോൺ അവതരിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവലിന് മുന്നോടിയായി ആമസോൺ, കേരളത്തിൽ നിന്നുള്ളവരുൾപ്പെടെ, ഇന്ത്യയിലുടനീളമുള്ള 16 ലക്ഷം വിൽപ്പനക്കാർക്ക് വിൽപ്പന ഫീസിൽ ഗണ്യമായ കുറവ് പ്രഖ്യാപിച്ചു.

പലചരക്ക് സാധനങ്ങൾ, ഫാഷൻ, ഇലക്ട്രോണിക്സ് തുടങ്ങിയ വിഭാഗങ്ങളിൽ മൂന്ന് ശതമാനം മുതൽ 12 ശതമാനം വരെയാണ് ഫീസ് കുറയ്ക്കുന്നത്, വിൽപ്പനക്കാർക്ക് അവരുടെ വരുമാനം വർദ്ധിപ്പിക്കാനും ഉപഭോക്താക്കൾക്ക് മികച്ച വില നൽകാനും ഇത് സഹായിക്കുന്നു. ഡൽഹി എൻസിആർ, ഗുവാഹത്തി, പാട്ന എന്നിവിടങ്ങളിൽ കമ്പനി മൂന്ന് ഫുൾഫിൽമെൻറ് കേന്ദ്രങ്ങളും തുടങ്ങി. കൂടാതെ, കേരളത്തിലെ ആയിരക്കണക്കിന് ഇടക്കാല ജോലികൾ ഉൾപ്പെടെ, വരാനിരിക്കുന്ന ഉത്സവ കാലത്തെ ഉയർന്ന ഉപഭോക്തൃ ആവശ്യം നിറവേറ്റുന്നതിനായി അാമ്വീ.ശി പ്രവർത്തന ശൃംഖലയിലുടനീളം 110,000 ഇടക്കാല തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്നും അദ്ദേഹം വ്യക്തമാക്കി.

## കൊച്ചി ബിനാലെ ഫൗണ്ടേഷന് പിന്തുണയുമായി ജെഎസ്ഡബ്ല്യു ഫൗണ്ടേഷൻ



സംഗീത ജിൻഡാൽ

**കൊച്ചി:** അഞ്ച് വർഷത്തേക്ക് ഉദാരമായ ഗ്രാന്റോടെ പ്ലാറ്റിനം ബെനഫാക്ടറായി ജെഎസ്ഡബ്ല്യു ഫൗണ്ടേഷൻ ചെയർപേഴ്സൺ സംഗീത ജിൻഡാൽ രംഗത്തെത്തിയതായി കൊച്ചി ബിനാലെ ഫൗണ്ടേഷൻ ചെയർപേഴ്സൺ ഡോ.വേണു വി അറിയിച്ചു. കൊച്ചി ബിനാലെ ഫൗണ്ടേഷനും ജെഎസ്ഡബ്ല്യു ഫൗണ്ടേഷനും തമ്മിലുള്ള ധാരണാപത്രം ബിനാലെയുമായുള്ള ഫൗണ്ടേഷന്റെ ദീർഘകാല ബന്ധത്തിന്റെ തുടക്കമാണെന്ന് അദ്ദേഹം പറഞ്ഞു. കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ പ്രധാന പരിപാടിയായ കൊച്ചിമുസിരിസ് ബിനാലെ, കലാസ്നേഹികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രാപ്യമായ ഇന്ത്യയിലെ ഏറ്റവും വലിയ മെഗാ കലാ പരിപാടി എന്ന നിലയിൽ ദേശീയ അന്തർദേശീയ അംഗീകാരം നേടിയിട്ടുണ്ട്. ”സംഗിത ജിൻഡാലിന്റെ പിന്തുണയും സൗഹൃദവും ലഭിച്ചതിൽ സന്തുഷ്ടരാണെന്നും വർഷങ്ങളായി അവർ കൊച്ചി മുസിരിസ് ബിനാലെയെയും രാജ്യത്തെ കലാ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുള്ള മറ്റ് ശ്രമങ്ങളെയും, അടുത്തിടെ ഹംപി ആർട്ട് ലാബ് ഉൾപ്പടെ, സജീവമായി പിന്തുണച്ചു’വെന്നും കൊച്ചി മുസിരിസ് ബിനാലെ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി പറഞ്ഞു. അവരുടെ ആശയങ്ങളെയും ദർശനപരമായ ധൈര്യത്തെയും സ്വാഗതം ചെയ്യുന്നു. കൂടാതെ ഫൗണ്ടേഷനിൽ പുതിയ യുഗത്തിലേക്ക് വളരാൻ പ്രതീക്ഷിക്കുന്നുവെന്നും ബോസ് കൃഷ്ണമാചാരി പറഞ്ഞു.

# മൽസ്യബന്ധന വലകളുമായുള്ള കടൽ സസ്തനികളുടെ സമ്പർക്കം: ഡ്രോൺ നിരീക്ഷണവുമായി സിഫ്ട്

**കൊച്ചി:** മൽസ്യബന്ധന വലകളുമായുള്ള കടൽ സസ്തനികളുടെ സമ്പർക്കത്തെ കുറിച്ച് പഠിക്കാൻ ഡ്രോൺ നിരീക്ഷണവുമായി സിഫ്ട്. കടലാമ സംരക്ഷണവും അതുമായി ബന്ധപ്പെട്ട കയറ്റുമതി നിരോധനവും പോലെ ഭാവിയിൽ രാജ്യത്തിന്റെ സമുദ്രോത്പന്ന കയറ്റുമതിയുമായി വരാനിരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് ഡോൾഫിൻ , തിമിംഗലം എന്നിവ ഉൾപ്പെടുന്ന കടൽ സസ്തനികളുടെ സംരക്ഷണം.

നമ്മുടെ രാജ്യത്തെ സമുദ്ര സസ്തനികളുടെ എണ്ണം , അവ നേരിടുന്ന പ്രശ്നങ്ങൾ, സംരക്ഷണ മാർഗങ്ങൾ, തുടങ്ങിയ കാര്യങ്ങൾ പഠിക്കുന്നതിനായി കേന്ദ്ര സർക്കാർ 2022 ഇത് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയുടെ കീഴിൽ കേന്ദ്ര ഫിഷറീസ് വകുപ്പ് വിവിധ ഗവേഷണ സ്ഥാനങ്ങൾക്ക് 7 കോടി രൂപയുടെ ഗവേഷണ പ്രോജക്ട് അവനുവദിക്കുകയുണ്ടായി.

മൽസ്യ ബന്ധന വലയുമായി കടൽ സസ്തനികളുടെ സമ്പർക്കം, അത് ഒഴിവാക്കാൻ മൽസ്യത്തൊഴിലാളികൾ സ്വീകരിക്കുന്ന പരമ്പരാഗത രീതികൾ, അവയുടെ കാര്യക്ഷമത, മീൻ വലകളിൽ നിന്നും സസ്തനികളെ ഒഴിവാക്കാനുള്ള ശാസ്ത്രീയമായ രീതികൾ വികസിപ്പിച്ചെടുക്കുക എന്നീ വിഷയങ്ങളിൽ ആയിരുന്നു കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിന്റെ പഠനം.

ഇതിനായി മൽസ്യബന്ധന യാനങ്ങൾ, വലകൾ എന്നിവയോടു കടൽ സസ്തനികൾ എങ്ങനെ പ്രതികരിക്കുന്നു, അവയുടെ സ്വഭാവത്തിൽ ഉണ്ടാവുന്ന വ്യതിയാനങ്ങൾ തുടങ്ങിയ കാര്യങ്ങൾ പഠിക്കേണ്ടത് അത്യാവശ്യമാണെന്ന് സിഫ്ട് ഡയറക്ടർ ജോർജ് നൈനാൻ പറഞ്ഞു.സംരക്ഷിത ജീവിവർഗം ആയതിനാൽ ബോട്ടുകളിൽ നിന്നും കപ്പലുകളിൽ നിന്നും എടുക്കുന്ന ചിത്രങ്ങളും വീഡിയോ ദൃശ്യങ്ങളും ഉപയോഗിച്ചാണ് ഡോൾഫിനുകളെയെയും തിമിംഗലങ്ങളെക്കുറിച്ചും പഠിക്കുന്നത്.

വശങ്ങളിൽ നിന്നും പകർത്തുന്ന ചിത്രങ്ങൾക്ക് മുകളിൽ നിന്നുള്ള ത്രിമാന ദൃശ്യം ലഭിക്കാത്തതിനാൽ ഇവയുടെ നീന്തൽ രീതി, മറ്റു ചലന രീതികൾ എന്നിവയിൽ വേണ്ടത്ര വ്യക്തത കൈവരാറില്ല. എന്നാൽ ഡ്രോണുകൾ ഉപയോഗിച്ച് ഈ ചിത്രങ്ങളും വീഡിയോകളും പകർത്തുമ്പോൾ ഈ ന്യൂനതകൾ മറികടക്കാൻ കഴിയും. ഡ്രോണുകൾ ഉപയോഗിച്ച് കടൽ സസ്തനികളെ കുറിച്ച് പഠിക്കാനുള്ള രാജ്യത്തെ ആദ്യത്തെ സംരഭത്തിനാണ് സിഫ്ട് തുടക്കമിട്ടതെന്നും ജോർജ് നൈനാൻ പറഞ്ഞു.

ഡ്രോൺ ഉപയോഗിച്ച് നടത്തിയ പഠനത്തിൽ കൊച്ചി തീരത്തു നിന്നും ഒരുകൂട്ടം വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഒരുകൂട്ടം ഹമ്പ് ബാക് ഡോൾഫിനുകളുടെ ദൃശ്യം ഗവേഷണ സംഘം ചിത്രീകരിച്ചു.സിഫ്റ്റിലെ കടൽ സസ്തനികളുടെ പ്രൊജക്റ്റ് അംഗങ്ങളായ ഡോ. പ്രജിത്ത് , പാരസ് നാഥ് ജാ , ഡോ . ദിജു , ഡോ റിതിൻ , ഋഷികേശ്, ഇമ്മാനുവേൽ എന്നിവർ സംഘത്തിൽ ഉണ്ടായിരുന്നു.

